വാചകരചന.

മൂന്നാം പുസ്തകം.

എം. ഉദയവർമ്മതമ്പുരാൻ ബി. ഏ.

പ്രകാശകൻ

തോമസ് പോൾ ബി. ഏ.

ഹാസം പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

1917

വാചകരചന

മൂന്നാം പുസ്തകം

മഹ: ഉദയവർമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ബി. എ.

പ്രകാശകൻ

തോമസ് പോൾ, ബി. എ.

വിദ്യാവിലാസം പ്രസിദ്ധീകരണശാല

തിരുവനന്തപുരം

(Copy-Right Reserved)

വാചകരചന

മൂന്നാം പുസ്തകം

പദങ്ങൾ

പൂൎണ്ണമായ അൎത്ഥം തോന്നത്തക്കവണ്ണം പദങ്ങൾ ചേരുമ്പോൾ വാചകം ഉണ്ടാകുന്നു എന്നു് നാം രണ്ടാം പുസ്തകത്തിൽ കണ്ടല്ലോ. പദങ്ങൾ വാചകത്തിന്റെ അംഗങ്ങൾ ആണെന്നു് പറയാം. നമ്മുടെ ശരീരത്തിൽ കൈ, കാൽ മുതലായ അംഗങ്ങൾ ഉണ്ടു്. ഓരോ അംഗത്തിനു് ഓരോ പ്രവൃത്തി ഉണ്ടു്. അതുപോലെ വാചകത്തിലുള്ള പദങ്ങൾക്കും ഓരോ പ്രവൃത്തി ഉണ്ടു്. ഒരു ഉദാഹരണംകൊണ്ടു് പദങ്ങളുടെ പ്രവൃത്തി സ്പഷ്ടം ആക്കാം:—

ഉദാ: കൊതിയനായ കുട്ടപ്പൻ രാവിലെ അവന്റെ അപ്പം തിന്നു.

'എന്തു് ചെയ്യുന്നു' അല്ലെങ്കിൽ 'എന്തു് ചെയ്തു' എന്നു് കുറിക്കുന്ന പദം ആദ്യം എടുക്കാം. അതിൽനിന്നു് ചോദ്യം ചെയ്തു് മററു് പദങ്ങളുടെ സംബന്ധം കാണുന്നതു് എളുപ്പമുള്ള ഒരു മാൎഗ്ഗം ആകുന്നു.

ഉദാഹരണത്തിൽ 'തിന്നു' എന്ന പദം 'എന്തു് ചെയ്തു' എന്നു് കുറിക്കുന്നു.

ആർ തിന്നു? 'കുട്ടപ്പൻ തിന്നു.'

കുട്ടപ്പൻ എന്തു് തിന്നു? 'കുട്ടപ്പൻ അപ്പം തിന്നു.'

കുട്ടപ്പൻ ആരുടെ അപ്പം തിന്നു? 'കുട്ടപ്പൻ അവൻെറ അപ്പം തിന്നു.'

കുട്ടപ്പൻ എപ്പോൾ അവൻെറ അപ്പം തിന്നു? 'കുട്ടപ്പൻ രാവിലെ അവൻെറ അപ്പം തിന്നു.'

എങ്ങനെയുള്ള കുട്ടപ്പൻ രാവിലെ അവൻെറ അപ്പം തിന്നു? 'കൊതിയനായ കുട്ടപ്പൻ രാവിലെ അവൻെറ അപ്പം തിന്നു.'

ഇപ്പോൾ ഒരം വാചകത്തിലുള്ള പദങ്ങളുടെ പ്രവൃത്തി മനസ്സിലായോ? മറെറാരു പ്രകാരത്തിൽ പറയുമ്പോൾ അതു് എളുപ്പത്തിൽ മനസ്സിലാകും.

'കൊതിയനായ' എന്ന പദം കുട്ടപ്പൻ എങ്ങനെ ഉള്ളവനാണെന്നു് കാണിക്കുന്നു. അതു് 'കുട്ടപ്പൻ' എന്ന പദത്തോടു് ചേരുന്നു.

'കുട്ടപ്പൻ' എന്ന പദം, തിന്ന ആളിനെ കാണിക്കുന്നു. അതു് 'തിന്നു' എന്ന പദത്തോടു് ചേരുന്നു.

'രാവിലെ' എന്ന പദം, എപ്പോൾ തിന്നു എന്നു് കാണിക്കുന്നു. അതു് 'തിന്നു' എന്ന പദത്തോടു് ചേരുന്നു.

'അവൻെറ' എന്ന പദം കുട്ടപ്പനു് പകരം നില്ക്കുന്നു. അതു് അപ്പം ആരുടെ ആണെന്നു് കാണിക്കുന്നു. അതു് 'അപ്പം' എന്ന പദത്തോടു് ചേരുന്നു.

'അപ്പം' എന്ന പദം എന്തിനെ തിന്നു എന്നു് കാണിക്കുന്നു. അതു് 'തിന്നു' എന്ന പദത്തോടു ചേരുന്നു.

'തിന്നു' എന്ന പദം കുട്ടപ്പൻ എന്തു് ചെയ്തു എന്നു് കാണിക്കുന്നു. അതു് 'കുട്ടപ്പൻ' എന്ന പദത്തോടു് ചേരുന്നു.

ഈ വാചകത്തിൽ നാലു പദങ്ങൾ ഉണ്ടു്. അതിൽ അടങ്ങിയിരിക്കുന്ന സംഗതി 'കുട്ടപ്പൻ അപ്പം തിന്നു' എന്നു് മാത്രമാകുന്നു. ശിഷ്ടം പദങ്ങൾ ഈ മൂന്നു് പദങ്ങളോടുള്ള സംബന്ധത്തെ കാണിച്ചുംകൊണ്ടു് അർത്ഥത്തെ വിവരിക്കുന്നു.

എല്ലാ വാചകത്തിലുമുള്ള പദങ്ങൾക്കും ഇതുപോലെ ഓരോ പ്രവൃത്തി ഉണ്ടു്.

പദങ്ങൾ പല തരത്തിൽ ഉണ്ടെന്നു ഇപ്പോൾ നിങ്ങൾ അറിഞ്ഞുകഴിഞ്ഞല്ലോ. വ്യാകരണശാസ്ത്രത്തിൽ ഓരോ തരത്തിനു് പ്രത്യേകം പേരുണ്ടു്. പറയാനുള്ള സൌകര്യത്തിനായിട്ടു് ആ പേരുകൾ മനസ്സിലാക്കേണ്ടതു് ആവശ്യം ആകുന്നു.

ആളിന്റെയൊ വസ്തുവിന്റെയൊ പേരായ പദത്തിനു് നാമം എന്നു് പേർ.

പ്രവൃത്തി ചെയ്യുന്നു എന്നു് കുറിക്കുന്ന പദത്തിനു കൃതി എന്നു് പേർ.

നാമത്തെ വിശേഷിപ്പിക്കുന്ന പദത്തിനു് നാമവിശേഷണം എന്നു് പേർ.

കൃതിയെ വിശേഷിപ്പിക്കുന്ന പദത്തിനു് കൃതിവിശേഷണം എന്നു് പേർ.

നാമപദത്തിന് പകരം നില്ക്കുന്ന പദത്തിന് **സർവ്വനാമം** എന്ന് പേർ.

നമ്മുടെ വാചകത്തിലുള്ള പദങ്ങളെ തരംതിരിച്ച് പട്ടികയായി ചേർത്തു നോക്കാം:—

'കൊതിയനായ'	നാമവിശേഷണം
'കുട്ടപ്പൻ'	നാമം
'രാവിലെ'	കൃതിവിശേഷണം
'അവന്റെ'	സർവ്വനാമം
'അപ്പം'	നാമം
'തിന്നു'	കൃതി

ഈ വിധത്തിലുള്ള തരംതിരിപ്പിന് വ്യാകരണത്തിൽ **വ്യാകരിപ്പ്** എന്ന് പേർപറയുന്നു.

പാഠം ൨

നാമം

നാമത്തിന്റെ രൂപം എപ്പോഴും ഒന്നുപോലെ ഇരിക്ക ഇല്ല. അതിന് ചിലപ്പോൾ ഭേദങ്ങൾ കാണാം. അർത്ഥത്തെ സ്പഷ്ടമാക്കുവാൻ രൂപഭേദങ്ങളെ എല്ലാവരും പ്രയോഗിക്കുന്നു. ഒരു രൂപഭേദം കാണിക്കാനുള്ള ദിക്കിൽ മറ്റൊരു രൂപഭേദം കാണിച്ചാൽ അർത്ഥം മനസ്സിലായില്ലെന്ന് വരും. ആ പ്രയോഗം തെറ്റാണെന്ന് അറിവുള്ളവർ പറയും. രൂപഭേദങ്ങളെ പഠിപ്പിക്കുന്നത് വ്യാകരണശാസ്ത്രം ആകുന്നു. നിങ്ങൾ ഇവിടെ ആ ശാസ്ത്രം പഠിക്ക അല്ലെങ്കി

ല്പം തെററു കൂടാതെ വാചകം എഴുതാൻ പഠിക്കേണ്ടിയിരിക്കുന്നു. അതിലേക്കു സഹായമായിരിപ്പാൻ മാത്രം നാമത്തിൻെറ രൂപഭേദങ്ങളുടെ പ്രയോഗം നോക്കാം.

ഒന്നിൽ അധികം എണ്ണത്തെ കാണിക്കുവാൻ ഒരുതരം രൂപഭേദം നാമത്തിൽ വരുത്തുന്നു. 'മാർ' അല്ലെങ്കിൽ 'കൾ' എന്നു നാമത്തോടു ചേർത്താണു ഈ അർത്ഥം വരുത്തുന്നതു്. 'അമ്മാവൻ' എന്ന പദം ഒരു അമ്മാവനെ കുറിക്കുന്നു. 'അമ്മാവന്മാർ' എന്ന പദം ഒന്നിലധികം അമ്മാവന്മാരെ കുറിക്കുന്നു. 'ആന' എന്ന പദം ഒരു ആനയെ കുറിക്കുന്നു. 'ആനകൾ' എന്ന പദം ഒന്നിലധികം ആനകളെ കുറിക്കുന്നു.

'അമ്മാവൻ,' 'ആന,' ഇവയിൽ ഓരോന്നും **ഏകവചന** പദം എന്നു പറയുന്നു. 'അമ്മാവന്മാർ,' 'ആനകൾ,' ഇവയിൽ ഓരോന്നും **ബഹുവചന** പദം എന്നു പറയുന്നു.

'നാമം' 'പദം' ഇങ്ങനെ അനുസ്വാരത്തിൽ അവസാനിക്കുന്ന പദങ്ങളുടെ ബഹുവചനം 'നാമങ്ങൾ' 'പദങ്ങൾ' എന്നായിത്തീരുന്നു എന്നു ധരിക്കേണം.

ഒരു നാമത്തിനു മററു പദങ്ങളോടുള്ള സംബന്ധം കുറിക്കുന്നതിനു ആ നാമത്തിൽ മറെറാരുതരം രൂപഭേദം ചെയ്യാറുണ്ടു്. 'രാമൻ' എന്ന പദത്തിനു 'രാമനെ' 'രാമനോടു്,' 'രാമനു്,' 'രാമനാൽ,' 'രാമൻെറ,' 'രാമനിൽ' ഇങ്ങനെ ആറു രൂപങ്ങൾ ഉണ്ടാകുന്നു. ഈ രൂപഭേദങ്ങളുടെ പ്രയോഗം മുഴുവനും വ്യാകരണത്തിൽ പഠിക്കും. വാചകം രചിക്കുമ്പോൾ തെററു വരാതിരിപ്പാൻ

മാത്രം അവയുടെ പ്രയോഗം നോക്കാം.

ഉദാ: "രാമൻ വാദ്ധ്യാരെ വന്ദിച്ചു."
"വാദ്ധ്യാർ **രാമനെ** അടിച്ചു."
"വാദ്ധ്യാർ **രാമനോടു്** പറഞ്ഞു."
"വാദ്ധ്യാർ **രാമന്** സമ്മാനം കൊടുത്തു."
"വാദ്ധ്യാർ **രാമനാൽ** വന്ദിക്കപ്പെട്ടു."
"വാദ്ധ്യാർ രാമന്റെ കുട എടുത്തു."
"വാദ്ധ്യാക്കു് **രാമനിൽ** സ്നേഹം ഉണ്ടു്."

'കൃഷ്ണൻ,' 'കല്ലൻ,' 'പാണൻ,' മുതലായി 'ൻ' എന്നു് അവസാനിക്കുന്ന നാമങ്ങളുടെ രൂപങ്ങൾ ഇപ്രകാരം തന്നെ ആകുന്നു.

ചില പദങ്ങൾക്കു് വിശേഷം ഉള്ളതിനാൽ [മാതിരി കാണുവാൻ ഓരോന്നു് ഉദാഹരിക്കാം.

ആന	പശു	കിളി	പദം
ആനയെ	പശുവിനെ	കിളിയെ	പദത്തിനെ / പദത്തെ
ആനയോടു്	പശുവിനോടു്	കിളിയോടു്	പദത്തോടു് / പദത്തിനോടു്
ആനയ്ക്കു്	പശുവിന്നു്	കിളിക്കു്	പദത്തിന്നു്
ആനയാൽ	പശുവിനാൽ	കിളിയാൽ	പദത്താൽ / പദത്തിനാൽ
ആനയുടെ	പശുവിന്റെ	കിളിയുടെ	പദത്തിന്റെ
ആനയിൽ	പശുവിൽ	കിളിയിൽ	പദത്തിൽ

'തത്ത' മുതലായി 'അ' എന്നു് അവസാനിക്കുന്ന പദങ്ങൾക്കു് 'ആന' എന്നതിനു് വന്നപോലെ രൂപഭേദങ്ങൾ വരുന്നു. 'പുലി' മുതലായി 'ഇ' എന്നു് അവസാനിക്കുന്ന പദങ്ങൾക്കു് 'കിളി' എന്നതിനു് വന്നപോലെ രൂപഭേദങ്ങൾ വരുന്നു. 'പുഴു' മുതലായി 'ഉ' എന്നു് അവസാനിക്കുന്ന പദങ്ങൾക്കു് 'പശു' എന്നതിനു് വന്നപോലെ രൂപഭേദങ്ങൾ വരുന്നു. 'നാമം' മുതലായി അനുസ്വാരത്തിൽ അവസാനിക്കുന്ന പദങ്ങൾക്കു് 'പദം' എന്നതിനു് വന്നപോലെ രൂപഭേദങ്ങൾ വരുന്നു.

അഭ്യാസം

താഴെ കാണുന്ന വാചകങ്ങളിലെ നാമരൂപങ്ങളുടെ പ്രയോഗത്തിൽ ഉള്ള തെററു് തിരുത്തുക.

൧. നളൻ അരയന്നത്തിനു് കണ്ടു. ൨. ചന്ദ്രൻ ഭൂമിയെ ഉപഗോളം ആകുന്നു. ൩. നാം കടലാസ്സിൻെറ എഴുതുന്നു. ൪. ആന കുഴികൾക്കു് വീഴുന്നു. ൫. രാമൻ അച്ഛനിൽ യാത്ര പറഞ്ഞു. ൬. അവൻ പശുവിനെ വെള്ളം കൊടുത്തു. ൭. കിഴവിയെ കൈ വിറെക്കുന്നു. ൮. കൃഷ്ണനെ ഉറക്കം വരുന്നു. ൯. മാതുവിനാൽ എട്ടു് വയസ്സു് പ്രായമായി. ൧൦. കുട്ടി മനസ്സിലായി. ൧൧. ഞാൻ അറിഞ്ഞുകൂടാ. ൧൨. മുല്ലയെ പൂവില്ല. ൧൩. കുഞ്ഞു് വിശക്കുന്നു. ൧൪. അവൻ അമ്മയെ സത്യം പറഞ്ഞു. ൧൫. ഞാൻ വാക്കിനെ അൎത്ഥം വാധ്യാരെ ചോദിച്ചു.

പാഠം ൩

സർവ്വനാമം

സർവ്വനാമങ്ങൾക്കും രൂപഭേദങ്ങൾ കാണാം. നാമങ്ങൾക്കു് ഉണ്ടാകുംപോലെ രണ്ടു് തരത്തിൽ ഭേദങ്ങൾ ഉണ്ടാകും:— (൧) ബഹുവചനം കുറിക്കുന്ന രൂപഭേദങ്ങൾ, (൨) മററു് പദങ്ങളോടുള്ള സംബന്ധം കുറിക്കുന്ന രൂപഭേദങ്ങൾ.

'ഞാൻ,' 'നീ,' 'അവൻ,' 'ഇവൻ,' 'അവൾ,' 'ഇവൾ,' 'അതു്,' 'ഇതു്' ഈ പദങ്ങൾ സർവ്വനാമങ്ങളാകുന്നു. അവയുടെ ബഹുവചനം താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു:

ഏകവചനം	ബഹുവചനം
ഞാൻ	ഞങ്ങൾ, നമ്മൾ
നീ	നിങ്ങൾ
അവൻ അവൾ	അവർ
ഇവൻ ഇവൾ	ഇവർ
അതു്	അവ, അതുകൾ,
ഇതു്	ഇവ, ഇതുകൾ.

ഇനി സംബന്ധം കുറിക്കുന്ന രൂപഭേദങ്ങളെ കാണിക്കാം:

ഞാൻ	നീ	അവൾ	അവർ	അതു്
എന്നെ	നിന്നെ	അവളെ	അവരെ	അതിനെ
എന്നോടു്	നിന്നോടു്	അവളോടു്	അവരോടു്	അതിനോടു്

എനിക്ക്	നിനക്ക്	അവൾക്ക്	അവക്ക്	അതിന്
എന്നാൽ	നിന്നാൽ	അവളാൽ	അവരാൽ	അതിനാൽ
എന്റെ	നിന്റെ	അവളുടെ	അവരുടെ	അതിന്റെ
എന്നിൽ	നിന്നിൽ	അവളിൽ	അവരിൽ	അതിൽ

'അവൻ' 'ഇവൻ' ഈ പദങ്ങൾക്ക് 'രാമൻ' എന്ന നാമപദത്തിന് വന്നപോലെ രൂപഭേദങ്ങൾ വരുന്നു. 'ഇവൾ,' 'ഞങ്ങൾ,' 'നമ്മൾ,' 'നിങ്ങൾ,' 'അതുകൾ,' 'ഇതുകൾ' ഈ പദങ്ങൾക്ക് 'അവൾ' എന്ന പദത്തിന് വന്നപോലെ രൂപഭേദങ്ങൾ വരുന്നു. 'ഇതു്' എന്ന പദത്തിന് 'അതു്' എന്ന പദത്തിന് വന്നപോലെ രൂപഭേദങ്ങൾ വരുന്നു. 'ഇവർ' എന്ന പദത്തിന് 'അവർ' എന്ന പദത്തിന് വന്നപോലെ രൂപഭേദങ്ങൾ വരുന്നു. 'അവ,' 'ഇവ' എന്ന പദങ്ങൾക്ക് 'ആന' എന്ന നാമപദത്തിന് വന്നപോലെ രൂപഭേദങ്ങൾ വരുന്നു.

'അമ്മമാർ' മുതലായി 'ർ' എന്ന് അവസാനിക്കുന്ന നാമപദങ്ങൾക്ക് 'അവർ' എന്ന സർവ്വനാമപദത്തിന് വന്നപോലെയും 'ശാസ്ത്രികൾ' മുതലായി 'ൾ' എന്ന് അവസാനിക്കുന്ന നാമപദങ്ങൾക്ക് 'അവൾ' എന്ന സർവ്വനാമപദത്തിന് വന്നപോലെയും രൂപഭേദങ്ങൾ വരുന്നു.

നാമപദങ്ങളുടെ രൂപഭേദങ്ങളെ ഏതു് സംബന്ധം കുറിക്കുന്നതിനായി പ്രയോഗിക്കുന്നുവോ ആ സംബന്ധം കുറിക്കുന്നതിനായി തന്നെ സർവ്വനാമപദങ്ങളുടെ രൂപഭേദപദങ്ങളെ പ്രയോഗിക്കുന്നു.

അഭ്യാസം

താഴെ കാണുന്ന വാചകങ്ങളിലെ സർവ്വനാമരൂപങ്ങ

ളുടെ പ്രയോഗത്തിൽ ഉള്ള തെററു തിരുത്തുക.

൧. പൂച്ച അവൻെറ മാന്തി. ൨. അതിനെ ഓടാൻ കഴിയും. ൩. വാധ്യാർ എന്നോട്ട് അടിച്ചു. ൪. അവളോട്ട് പുസ്തകം ഇല്ല. ൫. അവരിൽ കാര്യം മനസ്സിലായി. ൬. നിന്നോട്ടു പാട്ടു അറിയാമോ? ൭. ഞങ്ങൾ ദാഹിക്കുന്നു. ൮. നിങ്ങളെ വിശക്കുന്നുണ്ടോ? ൯. അമ്മ അവക്ക് ഉണ്ണാൻ വിളിച്ചു. ൧൦. എന്നോട്ട് ഇന്ന് നേരത്തെ ഉറങ്ങേണം. ൧൧. നമ്മളാൽ നാളെ ആററിൽ കുളിക്കണം. ൧൨. അവക്ക് മണലിൽ ചാടുന്നു. ൧൩. അവ നമ്മളിൽക്കൂടെ വരട്ടെ. ൧൪. അതിനെ കാല്പ് ഒടിഞ്ഞു. ൧൫. ഇത്ത് പോകാൻ തോന്നിയില്ല.

പാഠം ൪

കൃതി

വാചകത്തിൽ കൃതി പ്രധാനമായ ഒരു അംഗം ആകുന്നു എന്ന് നിങ്ങൾ കണ്ടല്ലോ. ചിലപ്പോൾ ഒന്നിലധികം കൃതികളെ ഒരേവാചകത്തിൽ കാണാം. അപ്പോൾ മുഖ്യമായ കൃതിയെ പ്രധാനകൃതി എന്നും മററുള്ളവയെ കൃതികളെ ആശ്രയിച്ചു നില്ക്കുന്ന കൃതികൾ എന്നും പറയുന്നു.

'രാമൻ ചരിഞ്ഞു് കിടന്നു' എന്ന വാചകത്തിൽ രണ്ടു് കൃതികൾ ഉണ്ടല്ലൊ. ഇവിടെ 'കിടന്നു' എന്നതു് പ്രധാന കൃതിയും 'ചരിഞ്ഞു' എന്നതു് പ്രധാന കൃതിയെ ആശ്രയിച്ചു നില്ക്കുന്ന കൃതിയും ആകുന്നു.

'കൃഷ്ണൻ മറിഞ്ഞു് വീണു' എന്ന വാചകത്തിൽ 'വീണു' എന്നതു് പ്രധാന കൃതിയും 'മറിഞ്ഞു്' എന്നതു് പ്രധാന കൃതിയെ ആശ്രയിച്ചു നില്ക്കുന്ന കൃതിയും ആകുന്നു.

'പപ്പു കളിക്കാൻ പോയി' എന്ന വാചകത്തിൽ 'പോയി' എന്നതു് പ്രധാന കൃതിയും 'കളിക്കാൻ' എന്നതു് പ്രധാന കൃതിയെ ആശ്രയിച്ചു നില്ക്കുന്ന കൃതിയും ആകുന്നു.

'പട്ടി കുതിച്ചു് ചാടി വരുന്നു' എന്ന വാചകത്തിൽ 'വരുന്നു' എന്നതു് പ്രധാന കൃതിയും 'കുതിച്ചു്' എന്നതു് 'ചാടി' എന്ന കൃതിയെ ആശ്രയിച്ചു നില്ക്കുന്ന കൃതിയും 'ചാടി' എന്നതു് പ്രധാന കൃതിയെ ആശ്രയിച്ചു നില്ക്കുന്ന കൃതിയും ആകുന്നു.

മേൽ കണ്ട ഉദാഹരണങ്ങളിൽ 'ചരിഞ്ഞു്,' 'മറിഞ്ഞു്,' 'കളിക്കാൻ,' 'കുതിച്ചു്,' 'ചാടി' ഈ പദങ്ങൾ കൃതികളുടെ അൎത്ഥത്തെ വാസ്തവത്തിൽ വിശേഷിപ്പിക്കുന്നു. അതിനാൽ അവ ഒരു തരം ക്രിയാവിശേഷണം തന്നെ ആകുന്നു.

നാം കഴിഞ്ഞ കാൎയ്യത്തെക്കുറിച്ചു് പറയേണ്ടിവരുന്നു. നടക്കുന്ന കാൎയ്യത്തെക്കുറിച്ചു് പറയേണ്ടിവരുന്നു. വരാനുള്ള കാൎയ്യത്തെക്കുറിച്ചും പറയേണ്ടിവരുന്നു.

ഉദാ: 'രാമൻ പാടി'
'രാമൻ പാടുന്നു'
'രാമൻ പാടും.'

ഈ ഉദാഹരണങ്ങൾ മൂന്നിലും 'പാടുക' എന്നുള്ള പ്രവൃത്തിയെ കുറിക്കുന്ന ഒരു കൃതി തന്നെ മൂന്നു വിധത്തിൽ പ്രയോഗിച്ചിരിക്കുന്നു. ഒന്നാമത്തെ ഉദാഹരണത്തിൽനിന്നും

രാമൻ മുമ്പെ 'പാടി' കഴിഞ്ഞു എന്നു് നാം അറിയുന്നു. രണ്ടാമത്തെ ഉദാഹരണത്തിൽനിന്നും രാമൻ ഇപ്പോൾ 'പാടുന്നു' എന്നു് അറിയുന്നു. മൂന്നാമത്തെ ഉദാഹരണത്തിൽനിന്നും രാമൻ കുറെ കഴിഞ്ഞു് 'പാടും' എന്നു് അറിയുന്നു. 'പാടി' എന്നതു് കഴിഞ്ഞ കാൎയ്യത്തെ കുറിക്കുന്നു. അതു് 'പാടുക' എന്ന ക്രിയയുടെ **ഭൂതകാലം** കാണിക്കുന്ന രൂപം ആകുന്നു. 'പാടുന്നു' എന്നതു് തൽകാലം നടക്കുന്ന കാൎയ്യത്തെ കുറിക്കുന്നു. അതു് 'പാടുക' എന്ന ക്രിയയുടെ **വൎത്തമാനകാലം** കാണിക്കുന്ന രൂപം ആകുന്നു. 'പാടും' എന്നതു് വരാനുള്ള കാൎയ്യത്തെ കുറിക്കുന്നു. അതു് 'പാടുക' എന്ന ക്രിയയുടെ **ഭാവികാലം** കാണിക്കുന്ന രൂപം ആകുന്നു.

'ചെയ്തു,' 'കൊടുത്തു,' 'പോയി,' 'ഇളകി' ഇങ്ങനെ ഉള്ളവ ഭൂതകാലത്തിൽ ഉള്ള കൃതികളാകുന്നു.

'പഠിക്കുന്നു,' 'കുലുങ്ങുന്നു,' 'എഴുതുന്നു' ഇങ്ങനെ ഉള്ളവ വൎത്തമാനകാലത്തിൽ ഉള്ള കൃതികളാകുന്നു.

'പോകും,' 'കാണും,' 'ഉണ്ണും' ഇങ്ങനെ ഉള്ളവ ഭാവികാലത്തിൽ ഉള്ള കൃതികളാകുന്നു.

ഇപ്രകാരം കാലത്തെ കുറിക്കുന്നതിനായി കൃതികൾക്കു് രൂപഭേദം ഉണ്ടാകുന്നു. ഒരു കാലം പ്രയോഗിക്കാനുള്ള ഘട്ടത്തിൽ മറ്റൊരു കാലം പ്രയോഗിക്കരുതു്. അങ്ങനെ പ്രയോഗിച്ചാൽ അറിവുള്ളവർ ആക്ഷേപിക്കും.

അഭ്യാസം ൧

താഴെ കാണുന്ന വാചകങ്ങളിൽ ഉള്ള പ്രധാന കൃതിയും ആശ്രയിച്ചു നില്ക്കുന്ന കൃതിയും തിരിച്ചു പറക.

൧. വെള്ളു അവളുടെ ഉടുപ്പിൽ കടിച്ചു് പിടിച്ചു് വലിച്ചു് കൊണ്ടുവന്നു. ൨. അവൾ വള്ളം കരയ്ക്കു് വലിച്ചു് കേററി. ൩. കിഴവി കുട്ടിയെ എടുത്തു് കുടിലിലേക്കു് തിരിച്ചു. ൪. ശരീരത്തിൽനിന്നു് വെള്ളം ഇററി ഇററി വീണു. ൫. നെരിപ്പോടിൽ തീ കത്തിക്കൊണ്ടു് ഇരുന്നു. ൬. കുട്ടിയെ തീയുടെ അടുക്കൽ കൊണ്ടുപോയി പിടിച്ചു് തുണിയെല്ലാം അവൾ അഴിച്ചു് എടുത്തു. ൭. അവൾ കുട്ടിയെ കരിമ്പടംകൊണ്ടു് പുതപ്പിച്ചു് ചൂടുള്ള പാൽ കൊടുത്തു. ൮. അവൾ കുട്ടിയെ കിടത്തി ഉറക്കി. ൯. പട്ടി രോമങ്ങൾ ഉണക്കി തീയുടെ അരികെ ഇരുന്നു. ൰. പട്ടി കുട്ടിയെ കാത്തുകൊണ്ടു് ഇരുന്നു. ൧൧. അവന്റെ മൃദുവായ രോമത്തിൽ തലവച്ചു് കിടന്നു് കുട്ടി ഉറങ്ങി. ൧൨. അവൻ പുറപ്പെട്ടു് കടൽപ്പുറത്തുകൂടെ തരിശുനിലത്തിൽ എത്തി കുന്നു കേറി ഇറങ്ങി ചാലിലേക്കു് തിരിച്ചു.

അഭ്യാസം ൨

താഴെ കാണുന്ന വാചകങ്ങളിലെ കൃതികൾ കുറിക്കുന്ന കാലത്തിന്റെ പ്രയോഗത്തിൽ ഉള്ള തെററു് തിരുത്തുക.

൧. ഞാൻ പോയാണ്ടിൽ ജയിക്കും. ൨. അച്ഛൻ നാളെ വന്നു. ൩. ഇന്നലെ പരീക്ഷ നടക്കുന്നു. ൪. മററന്നാൾ അവധി തുടങ്ങി. ൫. രണ്ടു മാസം മുമ്പെ അമ്മാവൻ കുട വാങ്ങിച്ചു് തരും. ൬. മിനിഞ്ഞാന്നു് വാദ്ധ്യാർ എന്നെ അടിക്കുന്നു. ൭. വരുന്നാണ്ടിൽ കിട്ടുവിനു് പത്തു് വയസ്സു് തികഞ്ഞു. ൮. ഇന്നലെ മഴ പെയ്യും. ൯. മാസം പിറന്നു് ഞാൻ തിരുവനന്തപുരത്തു പോയി. ൰. മൂന്നു വഷം കഴിഞ്ഞാൽ അനുജനെ പള്ളിക്കൂടത്തിൽ അയച്ചു.

പാഠം ൫

കത്താവു്, കമ്മം, ക്രിയ

ഏററവും ചെറിയ വാചകങ്ങൾക്കു് രണ്ടു് പദങ്ങൾ ഉണ്ടു്. രണ്ടു് പദങ്ങൾ ഉള്ള വാചകങ്ങളെ അത്ഥപുഷ്ടിക്കായി വെളുത്തിയാൽ രണ്ടിലധികം പദങ്ങളുള്ള വാചകങ്ങൾ ഉണ്ടാകും. രണ്ടു് പദങ്ങളിൽ ഒന്നു് 'ആർ' അല്ലെങ്കിൽ 'എന്തു്' എന്നു് കുറിക്കുന്ന നാമപദവും മററതു് 'എന്തു് ചെയ്യുന്നു' എന്നു് കുറിക്കുന്ന കൃതി പദവും ആണെന്നു് രണ്ടാം പുസ്തകത്തിൽ പഠിച്ചുല്ലോ. 'ആരെ' അല്ലെങ്കിൽ 'എന്തിനെ' എന്നു് കുറിക്കുന്ന പദംകൂടെ ചില കൃതികളോടു് ചേന്നെങ്കിലെ വാചകത്തിൻെറ അത്ഥം പൂണ്ണമാകൂ എന്നും ആ പുസ്തകത്തിൽ പഠിച്ചിട്ടുണ്ടല്ലോ.

ഉദാ: 'പട്ടി അപ്പം തിന്നു.'
'പപ്പു അതിനെ തല്ലി.'
'വാദ്ധ്യാർ അവനെ ശിക്ഷിച്ചു.'

ഠരം ഉദാഹരണങ്ങളിൽ മേൽ പറഞ്ഞ മൂന്നു് പദങ്ങളും ഉണ്ടു്. ഇവ വാചകത്തിൻെറ പ്രധാനങ്ങളായ അംഗങ്ങളാകുന്നു. അതിനാൽ ഇവയ്ക്കു് വ്യാകരണത്തിൽ പ്രത്യേകം പേർ കൊടുത്തിട്ടുണ്ടു്. 'ആർ, അല്ലെങ്കിൽ 'എന്തു്' എന്നു് കുറിക്കുന്ന പദത്തിനു് **കത്താവു്** എന്നു് പേർ. 'എന്തു് ചെയ്യുന്നു' എന്നു് കുറിക്കുന്ന പദത്തിനു് ക്രിയ എന്നു് പേർ. 'ആരെ' അല്ലെങ്കിൽ 'എന്തിനെ' എന്നു് കുറിക്കുന്ന പദത്തിനു് കമ്മം എന്നു് പേർ.

ഒന്നാമത്തെ ഉദാഹരണത്തിൽ 'പട്ടി' എന്ന പദം കത്താവും 'അപ്പം' എന്ന പദം കമ്മവും 'തിന്നു' എന്ന പദം

ക്രിയയും ആകുന്നു. രണ്ടാമത്തെ ഉദാഹരണത്തിൽ 'പട്ടി' എന്നതു് കൎത്താവും 'അതിനെ' എന്നതു് കൎമ്മവും 'തല്ലി' എന്നതു് ക്രിയയും ആകുന്നു. മൂന്നാമത്തെ ഉദാഹരണത്തിൽ 'വാദ്ധ്യാർ' എന്നതു് കൎത്താവും 'അവനെ' എന്നതു് കൎമ്മവും 'ശിക്ഷിച്ചു' എന്നതു് ക്രിയയും ആകുന്നു.

ഒരു പ്രവൃത്തി ചെയ്യുന്ന ആളിനെ അല്ലെങ്കിൽ വസ്തുവിനെ ആ പ്രവൃത്തിയുടെ **കൎത്താവു്** എന്നു് പറയുന്നു. ആ പ്രവൃത്തിയെ **ക്രിയ** എന്നു് പറയുന്നു. പ്രവൃത്തിയുടെ ഫലം ആരിൽ അല്ലെങ്കിൽ ഏതിൽ ചെന്നു ചേരുന്നുവോ ആ ആൾ അല്ലെങ്കിൽ വസ്തു ക്രിയയുടെ **കൎമ്മം** എന്നു് പറയുന്നു.

പ്രവൃത്തിയെ വാചകത്തിൽ കാണിക്കുമ്പോൾ വാചകത്തിലെ കൎത്താവു്, വാചകത്തിലെ ക്രിയ, വാചകത്തിലെ കൎമ്മം എന്നു് ഇവയെ പറഞ്ഞുവരുന്നു.

കൎമ്മമുള്ള കൃതികളെ **സകൎമ്മകകൃതികൾ** എന്നും കൎമ്മമില്ലാത്ത കൃതികളെ **അകൎമ്മകകൃതികൾ** എന്നും പറയുന്നു.

അഭ്യാസം

താഴെ കാണുന്ന വാചകങ്ങളിലെ കൎത്താവും ക്രിയയും കൎമ്മവും പറക.

൧. നക്ഷത്രം പ്രകാശിക്കുന്നു. ൨. ചന്ദ്രൻ മേഘത്തിൽ മറഞ്ഞു. ൩. മൂങ്ങ ഇര തേടുന്നു. ൪. പട്ടി വീടു് കാക്കുന്നു. ൫. അച്ഛൻ ഉറങ്ങാൻ പോയി. ൬. അമ്മ കുഞ്ഞിനെ ഉറക്കുന്നു. ൭. ഞങ്ങൾ പുസ്തകം വായിക്കുന്നു. ൮. പരീക്ഷ നാളെ ആകുന്നു. ൯. ഞാൻ കടലാസു് വാങ്ങിച്ചില്ല. ൧൦. ഞാൻ ഉത്തരങ്ങൾ സ്ലേററിൽ എഴുതും.

പാഠം ൬

പദങ്ങളുടെ ക്രമം

നമ്മുടെ ശരീരത്തിൽ ഉള്ള ഓരോ അംഗത്തിന് ഓരോ സ്ഥാനം ഉള്ളതുപോലെ വാചകത്തിൽ ഉള്ള ഓരോ പദത്തിന് ഓരോ സ്ഥാനം ഉണ്ട്. മനുഷ്യശരീരത്തിൻെറ ചിത്രം എഴുതുമ്പോൾ കണ്ണിൻെറ സ്ഥാനത്ത് കാത് വയ്ക്കുന്നതായാൽ എത്ര ചേർച്ചകേട് തോന്നും? അതുപോലെ വാചകത്തിലുള്ള പദങ്ങളെ അതതിൻെറ സ്ഥാനത്ത് വച്ചില്ലെങ്കിൽ ചേർച്ചകേട് തോന്നും.

വാചകം രചിക്കുമ്പോൾ പദങ്ങളുടെ ക്രമംകൂടെ അറിഞ്ഞിരിക്കേണ്ടത് ആവശ്യം ആകുന്നു. അതിനാൽ ഈ പാഠത്തിൽ അതിനെപ്പററി പറയാം:—

൧. കർത്താവിൻെറ സ്ഥാനം വാചകത്തിൻെറ ആദിയിലൊ ക്രിയയുടെ മുമ്പിലൊ ആകുന്നു. ഉദാ: ഞാൻ ഇത് നിൻെറ കഴുത്തിൽ കെട്ടിയേക്കാം. അവളുടെ കണ്ണുകളിൽ വിഷാദഭാവം **പട്ടി** കണ്ടു.

൨. ക്രിയയുടെ സ്ഥാനം വാചകത്തിൻെറ ഒടുവിൽ ആകുന്നു. ഉദാ: അവൾ കുട്ടിയെ കരിമ്പടംകൊണ്ട് പുതപ്പിച്ച് ചൂടുള്ള പാൽ **കൊടുത്തു.**

൩. കർമ്മം ഏതു് കൃതിയോട് ചേരുന്നോ ആ കൃതിയുടെ മുമ്പിൽ കർമ്മം നില്ക്കേണ്ടതാകുന്നു. ഉദാ: **രാമൻ പേനാക്കത്തി** എടുത്ത് **കരിമ്പ്** ചെത്തി.

൪. നാമവിശേഷണം ഏതു് നാമത്തെ വിശേഷിപ്പിക്കുന്നൊ ആ നാമത്തിൻെറ അടുത്ത് മുമ്പിൽ നാമവിശേ

ഷണം നില്ക്കേണ്ടതാകുന്നു. ഉദാ: അവൻ കറുത്ത ഉടുപ്പ് ധരിച്ചു. പഴുത്ത മാങ്ങാ പൊഴിയുന്നു. വെളുത്ത പശു പഴുത്ത ചക്ക തിന്നു.

൫. ക്രിയാവിശേഷണം ഏതു് ക്രിയയെ വിശേഷിപ്പിക്കുന്നോ ആ ക്രിയയുടെ മുമ്പിൽ ക്രിയാവിശേഷണം നില്ക്കേണ്ടതാകുന്നു. ഉദാ: കുഞ്ഞു് ഉറക്കെ കരയുന്നു. പൂച്ച പുരപ്പുറത്തു് കേറി എലിയെ പിടിച്ചു.

വാചകത്തിൽ പദങ്ങളുടെ സാധാരണമായ ക്രമം കർത്താവു്, കർമ്മം, ക്രിയ എന്നു് ആകുന്നു. ഈ മുറ അനുസരിച്ചു് ഇവിടെ പദങ്ങൾക്കു് സ്ഥാനം നിശ്ചയിച്ചിരിക്കുന്നു. ശ്ലോകങ്ങൾ രചിക്കുന്ന കവികൾ ഈ മുറ അത്ര നോക്കാറില്ല. ഗദ്യമെഴുത്തുകാരും ഈ മുറയിൽ ചില ഭേദങ്ങൾ ചെയ്യാറുണ്ടു്. മേൽക്ലാസുകളിൽ പഠിക്കുമ്പോൾ ഈ വക സംഗതികൾ മനസ്സിലാകും.

അഭ്യാസം

താഴെ കാണുന്ന വാചകങ്ങളിലുള്ള പദങ്ങളെ മുറപോലെ ചേർത്തെഴുതുക.

൧. അരികെ പട്ടി ഇരുന്നു തീയുടെ. ൨. പോയി നാണി കുളിക്കാൻ കുളത്തിലേക്കു്. ൩. വീട്ടിൽ ഇരുന്നു് അവർ കുടിച്ചു കാപ്പി. ൪. പിന്നാലെ ഓടി പട്ടി പൂച്ചയുടെ. ൫. മറന്നു് ദൈവത്തെ ചെയ്യരുതു് ഒന്നും. ൬. മധുരമായി പാടി അവൾ വളരെ. ൭. ശാസിച്ചു കഠിനമായി വാദ്ധ്യാർ അവനെ. ൮. പോകാതെ അവൻ പള്ളിക്കൂടത്തിൽ തിരിച്ചു കളിക്കാൻ. ൯. കിട്ടും കയററം വരുന്നാണ്ടിൽ കൃഷ്ണനു്. ൧൦. പഠിക്കാൻ ആഗ്രഹിക്കുന്നു ഞാൻ ഇംഗ്ലീഷു്.

പാഠം ൭



കുട്ടന്റെ ക്ഷമകേട്

൧. ചിത്രത്തിൽ കാണുന്ന സംഭവത്തെക്കുറിച്ച് ൧൨ വാചകങ്ങൾ എഴുതുക.

അമ്മ, കുട്ടൻ, അവൻ, ചൂട്, അതു്, കിണ്ണം, പാൽ, പൂച്ച ഈ പദങ്ങൾ കർത്താവായിരിക്കേണം.

കാച്ചുന്നു, ആഗ്രഹിച്ചു, കൊണ്ടുവന്നു, ഒഴിച്ചുകൊടുത്തു, എടുത്തു, ആറിട്ടില്ലായിരുന്നു, വിട്ടുകളഞ്ഞു, വീണു, കരയുന്നു, മറിഞ്ഞു, ഒലിച്ചു, നക്കുന്നു ഈ പദങ്ങൾ ക്രിയ ആയിരിക്കണം.

പാൽ, കിണ്ണം ഈ പദങ്ങൾ കർമ്മം ആയിരിക്കണം.

കുടിക്കാൻ, കിണ്ണത്തിൽ, പാലിന്റെ, താഴെ, നിലത്തു് ഈ പദങ്ങൾ ആവശ്യംപോലെ വാചകങ്ങളിൽ ചേർക്കണം.

൨. വാചകമായി ഉത്തരം പറക:

കുട്ടൻ പാൽ കുടിച്ചോ?

അവൻ എന്തുകൊണ്ടു് കൈ പൊക്കിപ്പിടിച്ചിരിക്കുന്നു?
അമ്മ കോപിക്കുന്നതു് എന്തിനു്?
അവൾ അവനോടു് എന്തു് പറയും?
ഈ സംഭവത്തിൽനിന്നു് നിങ്ങൾ എന്തു് പഠിക്കുന്നു?

കുറിപ്പു്.

൧൨ വാചകങ്ങൾക്കു് ഇവിടെ ൧൨ ക്രിയകൾ ഉണ്ടു്. ക്രിയയെ ഓരോന്നായി എടുത്തു് ചേരുന്ന കൎത്താവു് ചേൎക്കുക. കൎത്താവാകാൻ ൮ പദങ്ങളെ ഉള്ളു. അതിനാൽ ഒരു പദം തന്നെ ഒന്നിലധികം ക്രിയകൾക്കു് കൎത്താവാകും എന്നു് ഊഹിച്ചുകൊള്ളണം. സകൎമ്മകക്രിയകൾക്കു് കൎമ്മം ചേരുംപോലെ ചേൎക്കണം.

പാഠം ൮

കാക്കയുടെ കൗശലം

൧. ചിത്രത്തിൽ കാണുന്ന കാക്കയുടെ കഥയെക്കുറിച്ചു് ൧൫ വാചകങ്ങൾ എഴുതുക.

കാക്ക, അതു്, വെള്ളം, കൊക്കു്, ആ ഭരണി ഈ പദ ങ്ങൾ കൎത്താവായിരിക്കണം.

തേടി, കണ്ടു, വന്നിരുന്നു, ഉണ്ടായിരുന്നു, കടത്തി, തൊട്ടില്ല, ശ്രമിച്ചു, പററിയില്ല, കണ്ടുപിടിച്ചു, കൊത്തി ക്കൊണ്ടുവന്നു, ഇട്ടു, പൊങ്ങി, കുടിച്ചു, പറന്നുപോയി ഈ പദങ്ങൾ ക്രിയ ആയിരിക്കണം.

വെള്ളം, ഭരണി, കൊക്കു്, ഒരു കൌശലം, കല്ലു് ഈ പദങ്ങൾ കൎമ്മം ആയിരിക്കണം.

ഭരണിയുടെ, അടുക്കെ, ഭരണിയിൽ, കുറെ, വെള്ളത്തി ൽ, മറിക്കാൻ, ഓരോന്നായി, അപ്പോൾ, സുഖമായി ഈ പദങ്ങൾ ആവശ്യംപോലെ വാചകങ്ങളിൽ ചേൎക്കണം.

൨. വാചകമായി ഉത്തരം പറക:

കാക്ക എന്തിനായി വെള്ളം തേടി ?

അതിൻെറ കൊക്കു് എന്തുകൊണ്ടു് വെള്ളത്തിൽ തൊ ട്ടില്ല ?

കാക്കയ്ക്കു് ഭരണി മറിക്കാൻ സാധിക്കാഞ്ഞതു് എന്തു കൊണ്ടാകുന്നു ?

എല്ലാ സാധനങ്ങളും ഭരണിയിൽ ഇട്ടാൽ വെള്ളം പൊങ്ങുമോ ?

എങ്ങനെ ഉള്ള സാധനങ്ങൾ ഇട്ടാൽ വെള്ളം പൊ ങ്ങും ?

ഈ കഥയുടെ സാരം എന്തു് ?

൧൦ാം ൻ.

കിട്ടുവിൻെറ ദുസ്സാമത്ഥ്യം

ചിത്രത്തിൽ കാണുന്ന തത്തയുടെ കഥ ൨൦ വാചകങ്ങളിൽ എഴുതുക:

കൊച്ചുപപ്പു, അതു്, രസം, നാണിക്കുട്ടി, അവൾ, കിട്ടു, അവൻ, തത്ത ഈ പദങ്ങൾ കർത്താവായിരിക്കണം.

കൊടുത്തു, സംസാരിക്കും, ഉണ്ടു്, തീററി, ഇട്ടും, ഓമനിച്ചു വളർത്തി, ചാടിക്കേറും, ആഗ്രഹിച്ചു, മടിച്ചു, വാങ്ങിച്ചു, ഇരുത്തി, കളിപ്പിച്ചു, വീശി, എടുക്കും, പറന്നുപോയി, ചെന്നിരുന്നു, വിശ്രമിച്ചു്, പറന്നുകളഞ്ഞു, വ്യസനിച്ചു,

സമാധാനപ്പെടുത്തി ഈ പദങ്ങൾ ക്രിയ ആയിരിക്കണം.

തത്തയെ, വാക്ക്, അതിനെ, കൈ, അവളെ ഈ പദങ്ങൾ കർമ്മമായിരിക്കണം.

നാണിക്കുട്ടിക്ക്, ചെറിയ, തെളിവായി, അതിന്റെ, കേൾക്കാൻ, നല്ല, തന്നത്താൻ, കൂട്ടിൽ, അവളുടെ, കൈയിൽ, വെളിയിൽ, എടുക്കാൻ, കൊടുക്കാൻ, നിർബ്ബന്ധിച്ച്, വിരലിൽ, രസമായി, ഒരിക്കൽ, മേല്പോട്ട്, മാവിൽ, ദൂരെ, വളരെ ഈ പദങ്ങൾ ആവശ്യംപോലെ ചേർക്കണം.

പാഠം ൧൦

ആട്

൧. ആടിന്റെ തല, കൊമ്പ്, കണ്ണ്, കാൽ, വാൽ, തീററി, സഞ്ചാരം, സ്വഭാവം ഇവയെക്കുറിച്ച് ൧൦ വാചകങ്ങളിൽ ഒരു വിവരണം എഴുതുക.

൨. പശുവിനും ആടിനും ഏതെല്ലാം വിധത്തിൽ സാമ്യം ഉണ്ടെന്നു് എഴുതുക.

പാഠം ൧൧.

കമുകു്

൧. കമുകിന്റെ മണ്ട, പാള, കുമ്പാള, പൂവു്, കായു്, തടി ഇവയെക്കുറിച്ചു് ൧൰ വാചകങ്ങളിൽ ഒരു വിവരണം എഴുതുക.

൨. തെങ്ങിനും കമുകിനും ഏതെല്ലാംവിധത്തിൽ സാമ്യം ഉണ്ടെന്നു് എഴുതുക.

പാഠം ൧൨



പരോപകാരം

ദാമോദരൻ ധനവാൻ ആയിരുന്നു. ചില ധനവാന്മാർ പണം കെട്ടിവച്ചു് സൂക്ഷിക്കയേ ഉള്ളു. അവർ തങ്ങളുടെ അനുഭവത്തിനാകട്ടെ, അന്യന്മാരുടെ സഹായത്തിനാകട്ടെ, പണം ചെലവുചെയ്യുകയില്ല. ദാമോദരൻ ആ തരത്തിൽ ഉള്ള ആൾ അല്ലായിരുന്നു. അവൻ സുഖമായി കാലക്ഷേപം കഴിച്ചു. അവൻ മററുള്ളവരെ സഹായിച്ചു. അവനെ അറിയാത്തവർ നാട്ടിൽ ഇല്ല. അവനെക്കൊണ്ടു് ഉപകാരം ഉണ്ടായിട്ടില്ലാത്തവർ ഇല്ല.

ഒരു ദിവസം ദൂരെ ഒരു സ്ഥലത്തു് പോയിട്ടു് രാത്രിയിൽ എട്ടുമണിയോടുകൂടെ ദാമോദരൻ വീട്ടിലേക്കു് മടങ്ങുകആയിരുന്നു. ശങ്കരൻകൊല്ലൻെറ ആലയിൽ അപ്പൊഴും പണിനടക്കുന്നതായി അവൻ കണ്ടു. രാത്രിയിൽ പണിയുന്നതു് എന്താണെന്നു് അറിയാനായി അവൻ ആലയിൽ കേറി ചോദിച്ചു.

ദാമോദരൻ. ശങ്കരാ! രാത്രിയായിട്ടും പണി കഴിഞ്ഞി ല്ലേ! ഇന്നു് വിശേഷാൽ പണി വല്ലതും ഉണ്ടോ?

ശങ്കരൻ. ഞാൻ എനിക്കായി പണിയുക അല്ല. അയ ൽക്കാരനായ ചങ്ങാതി ദരിദ്രനായിപ്പോയി. അവനുവേ ണ്ടി ഞാൻ അകാലത്തും പണിചെയ്യുന്നു. നാലു് നാഴിക വെളുപ്പുള്ളപ്പോൾ ഞാൻ എഴുന്നേററു് വേല തുടങ്ങും. ആ റു് നാഴിക രാത്രിയാകുന്നതുവരെ ജോലി ചെയ്യും. അധിക പ്പണി ചെയ്തു് കിട്ടുന്ന ആദായം ഞാൻ അവനു് കൊടുക്കും. ദൈവാധീനംകൊണ്ടു് ഇപ്പോൾ ധാരാളം ജോലി കിട്ടുന്നു ണ്ടു്. എനിക്കു് ദേഹബലം ഉള്ളിടത്തോളം കാലം ദരിദ്ര നായ സ്നേഹിതനെ സഹായിക്കേണ്ടതു് എൻെറ ധമ്മമാ ണല്ലോ.

ദാമോദരൻ. ഇതു് വലിയ ഔദാര്യം തന്നേ. നീ ചെ യ്യുന്ന സഹായത്തിനു് പ്രതിഫലം വല്ലതും കിട്ടുമോ?

ശങ്കരൻ. പ്രതിഫലം വേണമെന്നു് ഞാൻ ഇച്ഛിക്കു ന്നില്ല. ഞാൻ അവനെപ്പോലെ ദരിദ്രനായി തീന്നെങ്കിൽ എന്നെ അവനും സഹായിക്കുമല്ലോ എന്നേ ഞാൻ വിചാരി ച്ചിട്ടുള്ളു.

ദാമോദരൻ ഒരം വാക്കു് കേട്ടപ്പോൾ വളരെ സന്തോ ഷിച്ചു. ശങ്കരൻെറ മനോഗുണത്തെ അഭിനന്ദിച്ചു് ഒരു സ മ്മാനം കൊടുക്കണമെന്നു് അവൻ നിശ്ചയിച്ചു. ജോലിക്കു് മുടക്കംവരുത്തരുതെന്നു് കരുതി അവൻ വീട്ടിലേക്കു് പോ യി.

പിറേറദിവസം രാവിലെ ആയിരം രൂപായ്ക്കുള്ള ഒരു നോട്ടു് എടുത്തുംകൊണ്ടു് ദാമോദരൻ ആലയിൽ എത്തി ശ ങ്കരനെ വിളിച്ചു.

ദാമോദരൻ. ശങ്കരാ! ൟ നോട്ട് നിനക്ക് സമ്മാനമായി ഞാൻ തരുന്നു. ആവശ്യമുള്ള ലോഹങ്ങൾ രൊക്കവിലയ്ക്ക് ലാഭത്തിൽ വാങ്ങിച്ച് പണികൾ ധാരാളം നടത്തി നീ പണം സമ്പാദിക്കുക. ചെലവ് കഴിഞ്ഞ് മിച്ചം വരുന്ന പണം സൂക്ഷിച്ചുവച്ച് വയസ്സുകാലത്ത് നിനക്ക് ഉപയോഗിക്കാം.

ശങ്കരൻ. ഇത് ഞാൻ വേലചെയ്ത് സമ്പാദിച്ചതല്ല. അതുകൊണ്ട് എനിക്ക് വേണ്ട. എന്റെ പണികൾക്ക് വേണ്ടുന്ന ലോഹങ്ങൾ വാങ്ങാൻമാത്രം പണം എനിക്കുണ്ട്. അത്യാവശ്യംപോലെ കച്ചവടക്കാർ എനിക്ക് കടം തരുന്നുണ്ട്. ൟ ഏർപ്പാടുകൊണ്ട് അവർക്ക് കിട്ടുന്ന അല്പലാഭം ഞാൻ ഇല്ലാതെ ആക്കുന്നത് നന്ദികേടായും തീരും. യജമാനൻ നോട്ട് സമ്മാനിക്കാൻ വിചാരിക്കുന്നപക്ഷം എന്റെ ചങ്ങാതിക്ക് കൊടുത്താലും. എനിക്ക് അതാണ് സന്തോഷം. അവന്റെ കഷ്ടപ്പാടുകൾ തീരട്ടെ. എനിക്കും സുഖമായി ഉറങ്ങാമല്ലോ.

ദാമോദരൻ വളരെ നിർബ്ബന്ധിച്ചിട്ടും ശങ്കരൻ നോട്ട് വാങ്ങിച്ചില്ല. അതിനാൽ ശങ്കരന്റെ താല്പര്യംപോലെ ചെയ്യാമെന്ന് നിശ്ചയിച്ച് അവൻ നോട്ട് ദരിദ്രനായ കൊല്ലന് കൊടുത്തു. ആ സാധു ആകട്ടെ സന്തോഷംകൊണ്ട് കണ്ണുനീർ ഒലിപ്പിച്ച് നോട്ട് വാങ്ങി വളരെ വന്ദനം പറഞ്ഞു. ഒരു ആളിന് സമ്മാനം കൊടുത്തതിനാൽ രണ്ടു പേരെ സന്തോഷിപ്പിച്ചല്ലോ എന്ന് തന്നത്താൻ അനുമോദിച്ചുംകൊണ്ട് ദാമോദരൻ വീട്ടിലേക്ക് പോയി.

പാഠം ൧൩.



പരനിന്ദ

രാമചന്ദ്രൻ ഒരു പ്രഭുവിന്റെ മകൻ ആയിരുന്നു. അവൻ സമ്പത്തുള്ള തറവാട്ടിൽ ജനിച്ചവനാണെന്ന് തന്നത്താൻ അഭിമാനിച്ചു. അവൻ മററുള്ളവരെ പുച്ഛിക്ക പതിവായിരുന്നു.

ഒരു ദിവസം വേലക്കാരൻ മാത്തു രാമചന്ദ്രന്റെ അച്ഛന്റെ ചെരിപ്പുകൾ തുടച്ച് മഷി ഇടുന്നത് അവൻ കണ്ടു. 'ഛീ! എന്തൊരു നികൃഷ്ടമായ ജോലി! എത്ര ദ്രവ്യം തന്നാലും ഞാൻ ഒരിക്കലും ചെരിപ്പ് തുടയ്ക്കാൻ പോകയില്ല' എന്ന് അവൻ പറഞ്ഞു. 'ഇല്ലായിരിക്കാം. കൊച്ചങ്ങത്തെ ചെരിപ്പ് ഒരിക്കലും തുടയ്ക്കാൻ ഞാനും വിചാരിച്ചിട്ടില്ല' എന്ന് മാത്തു പറഞ്ഞു.

രാമചന്ദ്രൻ കുതിരപ്പുറത്ത് സവാരിചെയ്യാൻ ആഗ്രഹിച്ചുകൊണ്ടിരുന്നു. മഴക്കാലം ആയതിനാൽ അതിന് ത-

രം ഇല്ലാതെ കുറെ ദിവസം കഴിഞ്ഞു. രണ്ടു ദിവസം മഴ മാറിനിന്നതുകൊണ്ട് രാമചന്ദ്രൻ സവാരിപോകാൻ അച്ഛൻെറ അനുവാദം വാങ്ങിച്ചു. മഴ നനഞ്ഞും ചെളി പുരണ്ടും അവൻെറ ചെരിപ്പുകൾ വൃത്തികെട്ടിരുന്നു.

സവാരിയിൽ ഉള്ള ഉത്സാഹംകൊണ്ട് രാമചന്ദ്രൻ മാതുവിൻെറ അടുക്കൽ ഓടി എത്തി: 'എടാ മാതു! ഞാൻ സവാരിപോകയാണ്. വേഗം വന്ന് എൻെറ ചെരിപ്പുകൾ തുടച്ചുതാ. കേട്ടില്ലയോ?' എന്ന് അവൻ മാതുവിനോടു പറഞ്ഞു. മാതു ഉണ്ണുക ആയിരുന്നു. കേട്ടില്ലെന്ന് നടിച്ച് അവൻ ഊണുകഴിച്ചുകൊണ്ടിരുന്നു. രാമചന്ദ്രൻ വളരെ കോപിച്ച് അനവധി ചീത്തവാക്കുകൾ പറഞ്ഞ് അവനെ ശകാരിച്ചു. 'കൊച്ചുങ്ങളുടെ ചെരിപ്പ് ഒരിക്കലും തുടയ്ക്കാൻ ഞാൻ വിചാരിച്ചിട്ടില്ലെന്ന് പറഞ്ഞിട്ടുള്ളത് മറന്നുപോയോ?' എന്ന് സാവധാനത്തിൽ മാതു ചോദിച്ചു.

രാമചന്ദ്രൻ കോപത്തോടെ അച്ഛൻെറ അടുക്കൽ ചെന്ന് പരാതി പറഞ്ഞു. മാതു വണക്കമുള്ള വേലക്കാരൻ ആയിരുന്നു. പറയാതെതന്നേ അവൻ ചെരിപ്പ് തുടയ്ക്കുക മുതലായ ജോലികൾ ചെയ്തുവന്നു. അന്ന് ചെരിപ്പ് തുടയ്ക്കുക ഇല്ലെന്ന് അവൻ പറഞ്ഞത് എന്തുകൊണ്ടെന്ന് അദ്ദേഹത്തിന് മനസ്സിലായില്ല. അതിനാൽ അദ്ദേഹം മാതുവിനെ വരുത്തി കാര്യം ചോദിച്ചു. അവൻ എല്ലാ വിവരവും പറഞ്ഞു.

പ്രഭു മാതുവിൻെറ പേരിൽ കുററം കണ്ടില്ല. രാമചന്ദ്രൻ തെററുകാരനാണെന്ന് അദ്ദേഹം വിധിച്ചു. 'വേണമെങ്കിൽ തന്നത്താൻ ചെരിപ്പ് തുടച്ചുകൊള്ളണം, അല്ലെങ്കിൽ സവാരി പോകണ്ട, ഇഷ്ടംപോലെ ചെയ്യാം' എന്ന് രാമചന്ദ്രനോട് അദ്ദേഹം പറഞ്ഞു. മററു വേലക്കാര

ർ ആരും അവനെ സഹായിക്കരുതെന്ന് അദ്ദേഹം ശട്ടം കെട്ടിയതിൻെറ ശേഷം വീണ്ടും അവനോട്ട് പറഞ്ഞു: 'രാമചന്ദ്ര! നമ്മുടെ ക്ഷേമത്തിനായി കഷ്ടപ്പെട്ട് ചെയ്യുന്ന വേലകളെ ആക്ഷേപിക്കുന്നത് എത്രയോ ഭോഷത്തമാണെന്ന് നീ മനസ്സിലാക്കേണ്ടതാണ്. വേലക്കാരരോട്ട് രമ്യമായി പെരുമാറിയെങ്കിലേ അവർ സന്തോഷത്തോടെ നമുക്ക് വേണ്ടി കഷ്ടപ്പെട്ടുക ഉള്ളൂ. ചെരിപ്പ് തുടയ്ക്കുന്നതു നികൃഷ്ടമായ ജോലിയായി നീ വിചാരിക്കുന്നതുകൊണ്ട് മേലാൽ നിൻെറ ചെരിപ്പുകളെ നീ തന്നേ തുടച്ചുകൊള്ളുകയേ വേണ്ടു.'

അച്ഛൻെറ വാക്ക് കേട്ടപ്പോൾ രാമചന്ദ്രൻ വളരെ വ്യാകുലനായിത്തീൎന്നു. തെളിവുള്ള ദിവസം ആയതിനാൽ സവാരിപോകാൻ അവന് വളരെ ഉത്സാഹം ഉണ്ടായി. എന്നാൽ തന്നത്താൻ ചെരിപ്പ് തുടയ്ക്കുന്നത് മാനക്കേടായി അവൻ വിചാരിച്ചു. വൃത്തികെട്ട ചെരിപ്പ് ധരിച്ചുകൊണ്ട് വെളിയിൽ ഇറങ്ങുന്നത് തൻെറ അവസ്ഥയ്ക്ക് ഒട്ടും യോഗ്യമല്ലെന്ന് അവൻ തീൎച്ചയാക്കി. ചെരിപ്പ് തുടച്ചുകൊടുത്താൽ സമ്മാനം തരാമെന്ന് മററ് വേലക്കാരരോട്ട് അവൻ പറഞ്ഞു നോക്കി. ആരും പ്രഭുവിൻെറ ഹിതത്തിന് വിപരീതമായി ചെയ്വാൻ തയ്യാറായില്ല. ഒടുവിൽ രാമചന്ദ്രൻ സവാരി പോകണ്ടെന്ന് വയ്ക്കേണ്ടിവന്നു. അന്ന് മുതൽ അവൻെറ ദുർശ്ശീലിന് കുറവുണ്ടായി. പിന്നീട്ട് ഒരിക്കലും അവൻ വേലക്കാരരുടെ ജോലികളെ ആക്ഷേപിച്ചില്ല. അവൻെറ മനസ്സിന് വിവേകം വന്നു. രാമചന്ദ്രൻ നല്ലവനാണെന്ന് എല്ലാവരും സമ്മതിക്കത്തക്ക നിലയിൽ അവൻെറ സ്വഭാവത്തിന് പകൎച്ച ഉണ്ടായി.

പാഠം ൧൪



പരിശ്രമശീലം

പുരുഷോത്തമന് കൃഷിക്ക് വളരെ ഉത്സാഹമുണ്ടായിരുന്നു. അവന് വേലചെയ്വാൻ ഒട്ടും മടിയില്ലായിരുന്നു. വരിക്കപ്പിലാവു്, ശീമപ്പിലാവു്, ഒട്ടുമാവു്, ചാമ്പമരം മുതലായി അനേകം വൃക്ഷങ്ങൾ അവൻ തോട്ടത്തിൽ നട്ടുവളത്തിയിരുന്നു. അവൻ രാവിലെയും വൈകുന്നേരവും അവയെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. അതിനാൽ അവൻെറ വൃക്ഷങ്ങൾ നല്ലവണ്ണം തഴയ്ക്കയും ധാരാളം ഫലങ്ങളെ കൊടുക്കയും ചെയ്തു. അവൻ രണ്ട് ചാമ്പത്തൈകൾ പ്രിയമായി വളത്തി. രണ്ടും ഒന്നുപോലെ തഴച്ചുവന്നു.

പുരുഷോത്തമന്ന് രണ്ടു് പുത്രന്മാർ ഉണ്ടായിരുന്നു. പപ്പു ജ്യേഷ്ഠനും കിട്ടു അനുജനും ആയിരുന്നു. ഒരു ദിവസം പുത്രന്മാരെ തോട്ടത്തിൽ കൊണ്ടുപോയി പ്രിയമുള്ള രണ്ടു് ചാമ്പമരങ്ങളെ കാണിച്ചു് അവൻ പറഞ്ഞു: 'കുഞ്ഞുങ്ങളേ! ഈ ചാമ്പമരങ്ങൾക്കു് കിട്ടുവിനോളം വയസ്സായിട്ടുണ്ടു്. അവയെ വളരെ ലാളിച്ചു് ഞാൻ വളർത്തിക്കൊണ്ടുവരികയാണു്. ഇന്നു് മുതൽ ഞാൻ ഈ മരങ്ങൾ നിങ്ങളെ ഏല്പിച്ചിരിക്കുന്നു. തുമ്പാ എടുത്തു് കിളക്കാൻ പ്രായമായിട്ടു് നിങ്ങളെ ഏല്പിക്കണമെന്നു് ഞാൻ വിചാരിച്ചിരിക്കയായിരുന്നു. രണ്ടും ഒരു ദിവസം തന്നെ ഞാൻ നട്ടു. ഇതാണു് ആദ്യം നട്ടതു്. അതിനാൽ ഇതു് ഞാൻ പപ്പുവിനു് തന്നിരിക്കുന്നു, അതു് കിട്ടുവിനും തന്നിരിക്കുന്നു. രണ്ടും ഒരു വഷത്തിനകം കായിക്കും. രണ്ടുപേരും അവനവൻെറ മരം നല്ലവണ്ണം രക്ഷിക്കണം. എന്നാൽ ധാരാളം പഴം പറിച്ചുതിന്നാം.' അച്ഛൻെറ വാക്കു് കേട്ടപ്പോൾ രണ്ടുപേരും വളരെ സന്തോഷിച്ചു. ചാമ്പപ്പഴം തിന്നാനുള്ള ആഗ്രഹം ആക്കാണു് അധികം ഉണ്ടായതു്? അതു് പപ്പുവിനു് തന്നെ.

കിട്ടു വളരെ ശ്രദ്ധയോടെ അവൻെറ ചാമ്പമരം ശുശ്രൂഷിച്ചു. അവൻ ചുവടിളക്കി, വളമിട്ടു, വെള്ളംകോരി, പുഴു ഇലതിന്നാതെ സൂക്ഷിച്ചുകൊണ്ടിരുന്നു. ഈച്ചകൾ ഇലയിൽ വന്നിരുന്നു് മുട്ട ഇടാൻ അവൻ സമ്മതിച്ചില്ല. കൊമ്പുകളിൽ ഇത്തിൾ പററിക്കണ്ടാൽ അവൻ പറിച്ചുകളയും. ഇപ്രകാരം രക്ഷിച്ചു് അവൻ ചാമ്പമരം വളർത്തി.

പപ്പു ഈവക ശുശ്രൂഷ ഒന്നും ചെയ്തില്ല. അവൻ കളിച്ചുനടന്നു. വഴിയിൽ ഇറങ്ങിനിന്നു് നടക്കുന്നവരുടെമേൽ അവൻ കല്ലു് എറിയും. അവർ അവനെ പിടിച്ചു് പ്രഹ

രിച്ചാൽ അവൻ കരഞ്ഞുകൊണ്ടു് നില്ക്കും. സമീപത്തുള്ള കുട്ടികളോടു് കലഹിച്ചു് അവൻ അടിപിടി കൂട്ടും. ഇങ്ങനെ കലശൽകൂട്ടി നടന്നതിനാൽ അവൻ ചാമ്പമരത്തിൻെറ കാൎയ്യം തീരെ മറന്നു.

കിട്ടുവിൻെറ ശുശ്രൂഷയുടെ സാമൎത്ഥ്യത്താൽ അവൻെറ ചാമ്പ നിറയെ കായിച്ചു. ഒരു ദിവസം പപ്പു അനുജൻെറ ചാമ്പ കാണാൻ ഇടയായി. ഇത്രവളരെ ഫലങ്ങൾ ഒരു മരത്തിൽ ഉണ്ടായല്ലോ എന്നു് അവൻ അത്ഭുതപ്പെട്ടു. അവൻെറ ചാമ്പ ഇതുപോലെ കായിച്ചിരിക്കുമെന്നു് വിചാരിച്ചു് പപ്പു ഓടിച്ചെന്നു് നോക്കി. അപ്പോൾ അവനു് കോപം ആണു് തോന്നിയതു്. ചാമ്പ മിക്കവാറും ഉണങ്ങിക്കഴിഞ്ഞു. കൊമ്പുകൾ എല്ലാം ഇത്തിൾ പൊതിഞ്ഞിരിക്കുന്നു. മണ്ടയിൽ അഞ്ചാറു് പഴുത്ത ഇലമാത്രം ശേഷിച്ചിട്ടുണ്ടു്.

പപ്പുവിനു് കോപത്തോടുകൂടെ അസൂയയും തോന്നി. അവൻ പുരുഷോത്തമൻെറ അടുക്കൽ ഓടിച്ചെന്നു് പറഞ്ഞു: 'അച്ഛാ! എനിക്കു അച്ഛൻ തന്ന ചാമ്പ വിശേഷം തന്നെ. അതു് ഉണങ്ങി നിലത്തു് വീഴാറായി. അനുജനു് എത്രനല്ല ചാമ്പമരം കൊടുത്തു. അതു് നിറച്ചു് കായിച്ചിരിക്കുന്നു. ഇനി അനുജൻെറ ചാമ്പയിലുള്ള പഴം എനിക്കുകൂടെ തരാൻ എങ്കിലും പറയുമോ?' പുരുഷോത്തമൻ ഇപ്രകാരം ഉത്തരം പറഞ്ഞു: 'കിട്ടുവിൻെറ ചാമ്പയിലെ പഴം നിനക്കുകൂടെ വേണം. അല്ലേ? നിൻെറ ചാമ്പയിൽ ഉണ്ടായതു് നീ തിന്നുകൊള്ളുക തന്നെ. ഇതു് നിൻെറ ഉപേക്ഷയ്ക്കുള്ള സമ്മാനം ആകുന്നു. ഞാൻ ഒരു പക്ഷപാതവും ചെയ്തില്ല. നിൻെറ മരം കിട്ടുവിൻെറ മരംപോലെ തഴച്ചുവന്നു. രണ്ടും ഒന്നുപോലെ പൂക്കേണ്ടതാണു്. പു

ഴുക്കൾ നിൻെറ ചാമ്പയെ ബാധിച്ചു. കിട്ടു പുഴുക്കളെ അപ്പൊളപ്പോൾ എടുത്തു് കളഞ്ഞുകൊണ്ടിരുന്നു. നിനക്കു് തന്നിരുന്ന ചാമ്പ ഇന്നുമുതൽ നിൻേറതല്ല. അതുകൂടെ കിട്ടുവിനു് ഞാൻ കൊടുക്കുന്നു. അവൻ അതിനെ ശുശ്രൂഷിച്ചു് വളൎത്തട്ടെ. അതിൽ ഉണ്ടാകുന്ന പഴങ്ങളും അവനു് തന്നെ. വേണമെങ്കിൽ വേറെ ഒരു തൈ നീ വളൎത്തിക്കൊള്ളുക. നല്ലവണ്ണം ശുശ്രൂഷിച്ചാൽ നിനക്കു് പഴങ്ങൾ പറിച്ചുതിന്നാം. ഉപേക്ഷിച്ചാൽ അതും ഉണങ്ങുമെന്നു് ഓൎത്തുകൊള്ളണം.'

പപ്പു വളരെ വ്യസനിച്ചു. മേലാൽ പരിശ്രമിക്കാൻ ശീലിക്കണം എന്നു് അവൻ നിശ്ചയിച്ചു. കിട്ടുവിൻെറ സഹായത്താൽ അവൻ ഒരു നല്ല ചെറിയ ചാമ്പ കണ്ടുപിടിച്ചു. അനുജൻെറ ഉപദേശപ്രകാരം പപ്പു അതിനെ ശുശ്രൂഷിച്ചു വളൎത്തി. കുറെ കാലംകൊണ്ടു് ആ ചാമ്പയിൽ നിറയെ കായ് ഉണ്ടായി. പപ്പു ഒരു സമൎത്ഥനായ കൃഷിക്കാരനായും തീൎന്നു. പുരുഷോത്തമൻ പപ്പുവിൻെറ സൽസ്വഭാവം കണ്ടു് വളരെ ആനന്ദിച്ചു.

കിട്ടുവിൻെറ ശ്രദ്ധ മുഴുവനും ഉണങ്ങിയ ചാമ്പയിൽ പതിഞ്ഞു. അതു് ഉണങ്ങിപ്പോകുമെന്നു് എല്ലാവരും വിചാരിച്ചിരുന്നു. എന്നാൽ കിട്ടുവിൻെറ രക്ഷയിൽ അതു് തളിൎത്തു് തഴച്ചുവന്നു.

പാഠം ൧൫

സംസർഗ്ഗദോഷം

മീനാക്ഷി ഒരു നല്ല കുട്ടി ആയിരുന്നു. അവൾ ശ്രദ്ധയോടെ പാഠങ്ങൾ പഠിച്ചു. പള്ളിക്കൂടത്തിൽ പോകാൻ അവൾ ഒട്ടും മടി കാണിച്ചില്ല. ക്ലാസിൽ അവൾക്കായിരുന്നു ഒന്നാമത്തെ സ്ഥാനം. ആണ്ടുതോറും അവൾക്ക് ഒന്നാമത്തെ സമ്മാനം കിട്ടി. അവളുടെ സ്വഭാവത്തിന് യാതൊരു ദോഷവും ഇല്ലായിരുന്നു. അവൾ വളരെ അനുസരണം ഉള്ളവൾ ആയിരുന്നു. അടുത്ത വീട്ടിൽ രാധ എന്നൊരു കുട്ടി ഉണ്ടായിരുന്നു. അവൾ ദുഷ്ട ആയിരുന്നു. അവൾ ആരെയും വണങ്ങുക ഇല്ല. അവൾക്ക് പഠിക്കാൻ ഉത്സാഹം ഇല്ല. അവൾ കൂട്ടുകാരോട് കലഹിക്ക പതിവായിരുന്നു. മീനാക്ഷിയും രാധയും ഒരുമിച്ച് പള്ളിക്കൂടത്തിൽ പോകും. മീനാക്ഷിയുടെ സ്വഭാവഗുണംകൊണ്ട് രണ്ടുപേരും സ്നേഹിച്ച് തന്നെ കഴിച്ചു.

ഒരു ദിവസം പള്ളിക്കൂടം കഴിഞ്ഞ് വരുമ്പോൾ രാധ മറ്റൊരു കുട്ടിയോട് കലഹിച്ചു, അവളെ വഴിയിൽ തള്ളി ഇട്ടുരുട്ടി, ഉടുപ്പും പുസ്തകവും കീറി. മീനാക്ഷി രാധയുടെ വഷളത്തമെല്ലാം മാതാപിതാക്കന്മാരോട് പറഞ്ഞു. 'രാധ താന്തോന്നിയാണ്. ഇനി നീ അവളോട് കൂട്ടു കൂടരുത്' എന്ന് അച്ഛൻ മീനാക്ഷിയോട് പറഞ്ഞു.

ഈ സംഭവം കഴിഞ്ഞതിന്റെ ശേഷം മീനാക്ഷി രാധയുടെ വീട്ടിൽ പോകയില്ല. അവളോട് കൂടെ കളിക്കയും മീനാക്ഷി വേണ്ടെന്ന് വച്ചു. ഇങ്ങനെ കുറെനാൾ കഴിഞ്ഞു.

മീനാക്ഷിയുടെ വീട്ടിൽ കാളി എന്നൊരു വേലക്കാര

ത്തി ഉണ്ടായിരുന്നു. അവൾ അസത്തായിരുന്നു. അവൾ ചതിവിനും ദുരാഗ്രഹത്തിനും ഇരിപ്പിടം ആയിരുന്നു.

ഒരിക്കൽ മീനാക്ഷിയുടെ മാതാപിതാക്കന്മാർ ഒരു സ്നേഹിതനെ കാണാൻ പോയി. അപ്പോൾ കാളി അവളുടെ അടുക്കൽ വന്നു് രാധയോടുകൂടെ കളിക്കാൻ പോകാൻ പ്രേരിപ്പിച്ചു. അച്ഛൻ വിരോധിച്ചിട്ടുള്ള പ്രവൃത്തി ചെയ്കയില്ലെന്നു് മിനാക്ഷി പറഞ്ഞു. 'അച്ഛനമ്മമാർ അറിയാതെ ഞാൻ സൂക്ഷിച്ചുകൊള്ളാം. കുഞ്ഞുങ്ങൾ കളിക്കണ്ടയോ? കൂട്ടുകാരില്ലാതെ കുഞ്ഞു് എങ്ങനെ കളിക്കും? രാധയുടെ വീട്ടിൽ പോയി കളിക്കാമല്ലോ. ഒരു തരക്കേടും വരിക ഇല്ല.' ഇങ്ങനെ പറഞ്ഞു് കാളി ഉത്സാഹിപ്പിച്ചു. മിനാക്ഷി ഇളകിപ്പോയി. അവൾ അയൽവിട്ടിൽ പോയി രാധയോടുകൂടെ കുറെനേരം സംസാരിച്ചുകൊണ്ടിരുന്നിട്ടു് തിരിയെപ്പോന്നു. പിന്നെ അച്ഛനും അമ്മയും വിട്ടിൽ ഇല്ലാത്തസമയം അവൾ രാധയോടുകൂടെ കളിച്ചുകൊണ്ടിരുന്നു. ഇങ്ങനെ കുറെനാൾ കഴിഞ്ഞു.

ഒരു ദിവസം കാളി മീനാക്ഷിയുടെ അടുക്കൽ എത്തി. രണ്ടുപേരും തമ്മിൽ ഒരു സംഭാഷണം നടന്നു.

കാളി. അച്ഛനും അമ്മയും ഇവിടെ ഇല്ലല്ലൊ. ഇന്ന് കുഞ്ഞിന് കളിക്കാൻ പോകണ്ടയൊ? പൂട്ടുപുരയുടെ താക്കോൽ എടുത്ത് ഇങ്ങോട്ട് തന്നാട്ടെ.

മീനാക്ഷി. പൂട്ടുപുരയിൽ അമ്മ നിന്നെ കേററാറില്ലല്ലൊ. പിന്നെ എന്തിനായിട്ട് നീ താക്കോൽ ചോദിച്ചു?

കാളി. ഞാൻ പൂട്ടുപുരയിൽ കേറി നോക്കട്ടെ. അതിന് വിരോധം എന്താണ്?

മീനാക്ഷി. നിനക്ക് അവിടെ കേറിട്ട് ആവശ്യം ഇല്ല.

കാളി. കുഞ്ഞിനെ ഞാൻ സഹായിച്ചിട്ടില്ലയൊ? അതുകൊണ്ട് എന്നോട്ട് ഇങ്ങനെ വിരോധം പറയാമൊ?

മീനാക്ഷി. അതു കാര്യം വേറെ. താക്കോൽ ഞാൻ എടുത്തു തരിക ഇല്ല.

കാളി. തരിക ഇല്ലെന്ന് നിശ്ചയമുണ്ടൊ?

മീനാക്ഷി. നിശ്ചയമുണ്ട്.

കാളി. എന്നാൽ രാധയുടെ വീട്ടിൽ പോകാറുണ്ടെന്ന് ഞാൻ ഇന്ന് അമ്മയോട്ട് പറയും.

ഇത് കേട്ടപ്പോൾ മീനാക്ഷി ഒന്ന് ഞെട്ടി. എന്ത് ചെയ്യണം എന്ന് അവൾ കുറെനേരം വിചാരിച്ചു. ഒടുവിൽ അവൾ താക്കോൽ എടുത്ത് കൊടുത്തു. കാളി പൂട്ടുപുര തുറന്ന് അകത്ത് കേറി. അവൾ നല്ലതായ രണ്ട് വസ്ത്രം എടുത്തുംകൊണ്ട് പുര പൂട്ടി താക്കോൽ തിരിയെ കൊടുത്തു.

പാഠം ൧൩

സംസർഗ്ഗദോഷം

(അവശിഷ്ടം)

കാളിയുടെ പ്രവൃത്തി മീനാക്ഷിക്കു് ഒട്ടും രസിച്ചില്ല. അവൾ അന്നു് കളിക്കാൻ പോയില്ല. അവൾ വ്യസനിച്ചു കൊണ്ടു് വീട്ടിൽ തന്നെ ഇരുന്നു. മാതാപിതാക്കന്മാരുടെ വരുതി ലംഘിച്ചു് രാധയുടെകൂടെ കളിച്ചിട്ടുള്ളതു് തെററായി എന്നു് അവൾക്കു് അപ്പോൾ തോന്നി. കാളി അവളെ വഞ്ചിച്ചു. അവൾ അച്ഛനമ്മമാരെ വഞ്ചിച്ചു് രാധയോടുകൂടെ കളിക്ക പതിവായിരുന്നു. രാധയുടെ കൂട്ടുകെട്ടു് കൊണ്ടു് തന്നെ താക്കോൽ എടുത്തു് കൊടുക്കാൻ ഇടയായി എന്നു് മീനാക്ഷിക്കു് ബോധംവന്നു. മാതാപിതാക്കന്മാർ തിരിയെ വന്നാൽ സത്യം ഒക്കെ അവരോടു് പറയണം എന്നു് തീർച്ചയാക്കി അവൾ അവരുടെ വരവു് കാത്തിരുന്നു.

അവർ തിരിച്ചുവന്നു. മീനാക്ഷിയുടെ മുഖത്തു് പതിവുള്ള ഉത്സാഹം അമ്മ കണ്ടില്ല. എന്താണു് വിഷാദഭാവം കാണുന്നതെന്നു് അമ്മ ചോദിച്ചു. അപ്പോൾ രാധയുടെ വീട്ടിൽ പോകാൻ കാളി പ്രേരിപ്പിച്ചതു് മുതൽ പൂട്ടുപുര തുറന്നു് വസ്ത്രം എടുത്തതുവരെ ഉള്ള വിവരമെല്ലാം മീനാക്ഷി അമ്മയോടു് പറഞ്ഞു. അച്ഛനെ സംഗതികൾ ധരിപ്പിക്കണമെന്നു് അമ്മ പറഞ്ഞു. മീനാക്ഷി ദുർബ്ബുദ്ധിയായ കാളിയുടെ പ്രവൃത്തികൾ അച്ഛനെ ധരിപ്പിച്ചു. അച്ഛൻ കാളിയെ വിളിച്ചു് ചോദിച്ചു. അവൾ പറഞ്ഞു: 'രാധക്കുഞ്ഞിനെ കാണാൻ പോകണം എന്നു് കുഞ്ഞു് എന്നോടു് പറഞ്ഞു. പോകണ്ടെന്നു് ഞാൻ തടഞ്ഞു. അച്ഛനോടും അമ്മയോടും പറയാതിരുന്നാൽ എനിക്കു് സമ്മാനം തരുമെന്നു് കു

ഞ്ഞു് പറഞ്ഞു. ഞാൻ അഗതിയായതിനാൽ സമ്മതിച്ചു പോയി. കുറെ ദിവസമായി കുഞ്ഞു് അയൽവീട്ടിൽ പോയി കളിക്കയാണു്. ഇന്നു് എനിക്കു് രണ്ടു് വസ്ത്രം കുഞ്ഞു് തന്നു. യജമാനനേ! ഇതാണു് പരമാൎത്ഥം.' വസ്ത്രം വരുത്തി നോക്കിയതിന്റെശേഷം അച്ഛൻ പറഞ്ഞു: 'എടീ, ദുർബ്ബുദ്ധീ! കള്ളി! നീ സത്യം ഉള്ളവളാണെങ്കിൽ കുഞ്ഞു് രാധയുടെ വീട്ടിൽ പോകുന്ന കാൎയ്യം മുമ്പിൽ ഞങ്ങളോടു് പറയാഞ്ഞതു് എന്തുകൊണ്ടാണു്? നിന്നെ വിശ്വസിക്കാൻ പാടില്ലെന്നു് നീ തന്നെ ഇപ്പോൾ കാണിച്ചുതന്നു. എന്നുമാത്രമല്ല, ഈ വസ്ത്രം എന്റെതാണു്. കുഞ്ഞു് എന്റെ വസ്ത്രം എടുത്തു് നിനക്കു് സമ്മാനം തരാൻ ഇടയില്ല. അതുകൊണ്ടു് നീ തന്നെ വസ്ത്രം അപഹരിച്ചു എന്നു് തെളിയുന്നു. കള്ളം കാണിക്കാനുള്ള വഴി നീ കുഞ്ഞിനു് തുറന്നുകൊടുത്തു. ഇപ്പോൾ നീ തന്നെ കള്ളം കാണിക്കയും ചെയ്തു. സാധുക്കളായ കുഞ്ഞുങ്ങളെ ചീത്തയാക്കുന്നതു് കൂറില്ലാത്ത ശേവക്കാരർ ആകുന്നു. ഈ ദോഷം പല വീടുകളിലും തട്ടുന്നുണ്ടെന്നു് ഞാൻ അറിഞ്ഞിട്ടുണ്ടു്. നിന്നെ ഇനി ഇവിടെ വച്ചുകൊണ്ടിരിപ്പാൻ പാടില്ല. ഇപ്പോൾ തന്നെ നിന്നെ ജോലിയിൽനിന്നു് നീക്കിയിരിക്കുന്നു.' ഇങ്ങനെ പറഞ്ഞതിന്റെശേഷം കാളിക്കു് ചെല്ലാനുള്ള ശമ്പളം കൊടുത്തു് അദ്ദേഹം അവളെ യാത്ര അയച്ചു.

മീനാക്ഷി അച്ഛന്റെ അടുക്കൽ ചെന്നു് വന്ദിച്ചുംകൊണ്ടു് പറഞ്ഞു: 'അച്ഛ! എനിക്കു മാപ്പുതരണേ. അച്ഛൻ ഈശ്വരൻ തന്നേ ആകുന്നു. അച്ഛൻ സത്യം അറിഞ്ഞു. കാളിയുടെ വാക്കു് കേട്ടു് ഞാൻ അച്ഛനെ വഞ്ചിച്ചുപോയി. എന്റെ തെറ്റു് അച്ഛൻ ക്ഷമിക്കണേ. ഇനി ഒരിക്കലും ഞാൻ അച്ഛന്റെ വരുതി ലംഘിക്കയില്ല.' അച്ഛൻ പറ

ഞ്ഞു : 'കുഞ്ഞേ! നീ ഇപ്പോൾ പശ്ചാത്തപിക്കുന്നു എന്നു ഞാൻ അറിയുന്നു. അതു നിനക്കു മതിയായ ശിക്ഷ ആകുന്നു. നീ എന്നെ അല്ല വഞ്ചിച്ചതു്. നീ ദൈവത്തെ വഞ്ചിക്കയാണു് ചെയ്തതു്. ദൈവം എല്ലാം അറിയുന്നു. അതുകൊണ്ടു് മേലാൽ ദൈവത്തെ എപ്പോഴും ഓൎത്തുകൊള്ളണം.'

പാഠം ൧൭

സ്നേഹദാൎഢ്യം

രാമനും കൃഷ്ണനും ബാല്യം മുതലേ ഇഷ്ടന്മാരായിരുന്നു. അവർ സമപ്രായക്കാർ തന്നെ. രണ്ടുപേരുടെ അച്ഛന്മാരും കൃഷിക്കാർ ആയിരുന്നു. രാമന്റെ അച്ഛൻ മരിച്ചുപോയി. അപ്പൂപ്പന്റെ സംരക്ഷണയിൽ അവൻ വളൎന്നു. കൃഷ്ണന്റെ അച്ഛൻ മകനെ നല്ല സ്ഥിതിയിൽ കാണണം എന്നു് ആഗ്രഹിച്ചു. അവരെ കുലക്രമാഗതമായ തൊഴിലിൽ പ്രവേശിപ്പിക്കണം എന്നു് രക്ഷാകൎത്താക്കന്മാർ ആലോചിച്ചു. പക്ഷേ അവൎക്കു് പുസ്തകം വായിക്കുന്നതിൽ ആണു് അഭിരുചി ഉണ്ടായതു്. അതുകൊണ്ടു് രണ്ടുപേരും നാട്ടുഭാഷാപള്ളിക്കൂടത്തിൽ ചേൎന്നു് പഠിക്കാൻ തുടങ്ങി. അവർ ഒരു ക്ലാസിലും തോല്ക്കാതെ ആ പള്ളിക്കൂടത്തിലെ പഠിത്തം കഴിച്ചു് ഇംഗ്ലീഷ്പള്ളിക്കൂടത്തിൽ ചേൎന്നു. അവിടെയും അവർ ജാഗ്രതയായി പഠിച്ചു് ഒരുമിച്ചു് തന്നേ ക്ലാസുകളിൽ കയറിവന്നു. ഉയൎന്നക്ലാസിൽ പാഠം കഴിഞ്ഞാൽ കാളേജിൽ പ്രവേശം കിട്ടും എന്നുള്ള സ്ഥിതിയിൽ എത്തി. കാളേജിൽ പഠിപ്പിക്കുന്നതു് എങ്ങനെ ആണെന്നു്

രക്ഷാകൎത്താക്കന്മാർ ആലോചിച്ചുതുടങ്ങി. പട്ടണവാസത്തിന് പണച്ചിലവ് അധികം ഉണ്ട്. കാളേജിൽ പീസു കൊടുക്കുക, പുസ്തകങ്ങൾ വാങ്ങിക്കുക മുതലായ ഇനങ്ങളിൽ ചിലവ് വളരെ ഉണ്ട്. ഇതെല്ലാം എങ്ങനെ വഹിക്കും? രാമനും കൃഷ്ണനും അവരുടെ സ്ഥിതി അറിയാൻ തക്ക പ്രായമായി. അവൎക്ക് കാളേജിൽ പഠിക്കാൻ ആഗ്രഹം ഉണ്ടായിരുന്നു. അത് എങ്ങനെ സാധിക്കുമെന്ന് മനോരാജ്യം തുടങ്ങി.

അപ്പോൾ ഒരു ദൈവാധീനം ഉണ്ടായി. കാളേജിൽ പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാൎത്ഥികളിൽ ഒന്നാംതരം ഉപന്യാസം എഴുതുന്നവന് മേൽപഠിത്തിന് ഒരു ധനസഹായം ചെയ്തുകൊടുക്കാൻ രാജാവ് നിശ്ചയിച്ചിരിക്കുന്നു എന്ന് പള്ളിക്കൂടത്തിലേക്ക് എഴുതിവന്നു. അത് അറിഞ്ഞപ്പോൾ വിദ്യാൎത്ഥികളുടെ ഇടയിൽ ഒരു പരിഭ്രമം ഉണ്ടായി. രാമനോ കൃഷ്ണനോ ഒരാൾക്കേ സഹായം ലഭിക്കു എന്ന് മററ് കുട്ടികൾക്ക് ബോധം ഉണ്ടായിരുന്നു. എങ്കിലും എല്ലാവരും ഉപന്യാസം എഴുതാൻ ഒരുക്കം തുടങ്ങി. രാമനും കൃഷ്ണനും ഒട്ടും ഇളക്കം ഉണ്ടായില്ല. ധനസഹായം തനിക്ക് കിട്ടും എന്ന് രണ്ടുപേരും വിചാരിച്ചു. അവരുടെ ആലോചന എല്ലാം ഉപന്യാസത്തേക്കുറിച്ച് തന്നേ ആയി.

ഠരം സന്ദൎഭത്തിൽ കൃഷ്ണൻെറ അച്ഛൻ മരിച്ചു. അവൻ കടം ഉള്ളവൻ ആയിരുന്നു എന്ന് അപ്പോൾ വെളിയിലായി. അവൻെറ വീടും പുരയിടവും വിററുപോകും എന്ന് ആളുകൾ പറഞ്ഞുതുടങ്ങി. കൃഷ്ണൻ ഏററവും വ്യാകുലനായിത്തീൎന്നു. ബാല്യം മുതലേ അവൻ കൃഷിവേലകൾ പരിചയിച്ചിരുന്നെങ്കിൽ അച്ഛന് കടം ഉണ്ടാകാൻ ഇട ആകയി

ല്ലായിരുന്നു എന്നു് കൃഷ്ണൻ വിചാരിച്ചു് വ്യസനിച്ചു. ദൈവാധീനംകൊണ്ടു് കാളേജിൽ പഠാത്തിനുള്ള ധനസഹായം കിട്ടിയാൽ ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്തു് ദ്രവ്യം സമ്പാദിച്ചു് അച്ഛന്റെ കടം വീട്ടാമെന്നു് അവൻ സമാധാനം കണ്ടു. മുമ്പിലത്തേതിലും അധികം ശുഷ്കാന്തിയോടെ ഉപന്യാസം തയ്യാറാക്കുവാൻ അവൻ ശ്രമിച്ചു.



ഒരു ദിവസം പകലെ വിദ്യാൎത്ഥികൾ പലരുംകൂടെ പന്തു് കളിച്ചുകൊണ്ടിരുന്നു. നിർഭാഗ്യംകൊണ്ടു് കൃഷ്ണൻ വീണു് വലിയ പരുക്കുകൾ ഏററു. രാമനും കൂട്ടുകാരും കൂടെ അവനെ എടുത്തു് വീട്ടിൽ കൊണ്ടുചെന്നു് കിടത്തി. അവന്റെ അമ്മ കരഞ്ഞുംകൊണ്ടു് ഓടിവന്നു. രാമൻ വേഗത്തിൽ വൈദ്യനെ വിളിച്ചു് കൊണ്ടുവന്നു. അയാൾ മുറിവുകളെല്ലാം മൂടിക്കെട്ടി സേവിപ്പാൻ മരുന്നു് കൊടുത്തു. കൃഷ്ണനു് കുറേ നാൾ ചികിത്സയിൽ ഇരിക്കേണ്ടിവന്നു. രാമൻ വിട്ടുമാറാതെ എപ്പോഴും അവന്റെ അടുക്കെ ഇരുന്നു്

ശുശ്രൂഷിച്ചു. വൈദ്യന്റെ ചികിത്സയുടെ ഗുണംകൊണ്ടും രാമന്റെ ശുശ്രൂഷയുടെ സാമൎത്ഥ്യംകൊണ്ടും കൃഷ്ണന്റെ സുഖക്കേട്ട് ക്രമേണ മാറിത്തുടങ്ങി.

പാഠം ൧൮

സ്നേഹദാൎഢ്യം

(അവശിഷ്ടം)

കൃഷ്ണന്റെ മുറിവുകൾ കരിഞ്ഞു തുടങ്ങിയപ്പോൾ അവൻ രാമനോട്ട് പറഞ്ഞു: 'ഉപന്യാസം അയയ്ക്കാനുള്ള കാലം ആയില്ലേ? എനിക്ക് ധനസഹായത്തിന് ആശ ഇല്ലാതെ ആയി. അത് രാമന് കിട്ടുമല്ലോ എന്ന് വിചാരിച്ച് ഞാൻ സന്തോഷിക്കുന്നു. ഠരം ഗ്രഹപ്പിഴ ഉണ്ടായില്ലെങ്കിൽ എത്ര വാശിയോടെ ഞാൻ അതിനായി മത്സരിക്കുമായിരുന്നു.' രാമൻ കുറെ നേരം മിണ്ടാതെ ഇരുന്നു. പിന്നീട്ട് അവൻ പറഞ്ഞു: 'കൃഷ്ണന്റെ ഉപന്യാസം തിന്നിട്ടുണ്ടെങ്കിൽ ഞാൻ അത് പകൎത്തി എഴുതാം. എന്റേത് ഞാൻ എഴുതിത്തീൎത്തു.' അപ്പോൾ കൃഷ്ണൻ പറഞ്ഞു: അത് മുഴുവനായില്ല. ഇഷ്ടം ഉണ്ടെങ്കിൽ വായിച്ച് നോക്കിക്കൊള്ളുക. ഇത് ഇനി പുറത്ത് വരിക ഇല്ലല്ലോ. ഇതിൽ നല്ല അഭിപ്രായം വല്ലതും ഉണ്ടെങ്കിൽ രാമന്റെ ഉപന്യാസത്തിൽ ചേൎക്കാൻ ഞാൻ അനുവദിച്ചിരിക്കുന്നു. ഇങ്ങനെ പറഞ്ഞതുകൊണ്ട് കോപിക്കരുതേ.'

കൃഷ്ണൻ എഴുതിവച്ചിരുന്ന കടലാസുകൾ എല്ലാം രാമൻ എടുത്തു് കൊണ്ടുപോയി. വീട്ടിൽ ചെന്നു് ആ ഉപന്യാസം വായിച്ചു് നോക്കിയപ്പോൾ രാമൻ വളരെ വിസ്മയിച്ചു. അതിൻെറ അർത്ഥപുഷ്ടിയും ഗാംഭീര്യവും ഓർത്തു് അവൻ തലകുലുക്കി. കൃഷ്ണൻ എഴുതിയിടത്തോളം ഭാഗം ഒരു പോലെ സരസമായിരുന്നു. ഇത്ര നല്ല ഒരു ഉപന്യാസം വെറുതെ വച്ചാൽ പോരെന്നു് അവൻ നിശ്ചയിച്ചു. അപൂർണ്ണമായാലും അതു് കൂടെ അയക്കണമെന്നു് ഉറച്ചുംകൊണ്ടു് അവൻ വൃത്തിയായി പകർത്തി. കൃഷ്ണൻെറ ശരീരസ്ഥിതി മുതലായതു് വിവരിച്ചു് അവൻ ഒരു എഴുത്തു് എഴുതി. കൃഷ്ണൻെറ ഉപന്യാസവും തൻെറ ഉപന്യാസവും കൂടെ വായിച്ചാൽ കൃഷ്ണൻെറ ഉപന്യാസത്തിൻെറ യോഗ്യത മുഴുവനും സ്പഷ്ടമാകും എന്നു് അവൻ എഴുതി. രണ്ടു് ഉപന്യാസവും ചേർത്തു പൊതിഞ്ഞു് അവൻ ബുക്കിയാക്കി. ബുക്കിയും എഴുത്തും കൂടെ അവൻതന്നെ രാവിലെ തപാലിൽ ഇട്ടു. ൟ വിവരം അവൻ ആരോടും പറഞ്ഞില്ല. വാദ്ധ്യാരെ പോലും അവൻ ധരിപ്പിച്ചില്ല.

പതിവുപോലെ രാമൻ കൃഷ്ണൻെറ ശരീരസ്ഥിതി അന്വേഷിക്കാൻ പോയി. തലേ ദിവസം രണ്ടു് പേരും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ കൃഷ്ണൻെറ മനസ്സിന്നു് കുറെ കലക്കം തട്ടി. അതിനാൽ അവന്നു് രാത്രിയിൽ ജ്വരംകൊണ്ടു. ജ്വരക്കോൾ തീരെ വിട്ടുമാറുന്നതിന്നു് കുറെ ദിവസം വേണ്ടിവന്നു. ഇക്കാലത്തെല്ലാം രാമൻ ആത്മാർത്ഥമായി കൃഷ്ണനെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. കൃഷ്ണന്നു് സുഖമായപ്പോൾ എഴുത്തിന്നു് മറുപടി വന്നില്ലല്ലോ എന്നു് അവൻ പരിഭ്രമിച്ചു.

കാളജ്ജുപണ്ഡിതന്മാരുടെ മറുപടി താമസം കൂടാതെ വന്നു. രാമൻ എഴുത്തു് പൊട്ടിച്ച് പകുതി വായിക്കുംമുമ്പെ സന്തോഷംകൊണ്ടു് കണ്ണുനീർ തൂകി. മുഴുവനും വായിച്ചു തീന്നപ്പോൾ കുഞ്ഞുങ്ങളെപ്പോലെ അവൻ പത്തു് ചാട്ടം ചാടി. വേഗത്തിൽ എഴുത്തു് അപ്പൂപ്പന്റെ കയ്യിൽ അവൻ കൊടുത്തു. ആ കിഴവൻ ബാല്യത്തിൽ കുറെ ഇംഗ്ലീഷ് പഠിച്ചിരുന്നതിനാൽ എഴുത്തു് വായിച്ച് കാൎയ്യം മനസ്സിലാക്കി. അവന്റെ അനുമോദനങ്ങൾ കേൾക്കുംമുമ്പേ രാമൻ എഴുത്തുംകൊണ്ടു് കൃഷ്ണന്റെ വീട്ടിലേക്കു് ഓടി. അവിടെ കേറി രാമൻ കൃഷ്ണന്റെ അമ്മയെ പിടിച്ചു കുലുക്കി. അവനു് ഭ്രാന്തു് പിടിച്ചു എന്നു് അമ്മ വിചാരിച്ചു. 'കൃഷ്ണനു് സഹായധനം കിട്ടി' എന്നു് അവൻ ഉച്ചത്തിൽ ഘോഷിച്ചു. അവൻ കൃഷ്ണന്റെ ഉപന്യാസം കാളജ്ജുപണ്ഡിതന്മാൎക്കു് അയച്ചുകൊടുത്ത വിവരവും അപൂൎണ്ണമാണെങ്കിലും അതിനെ അവർ വളരെ ശ്ലാഘിച്ച് അവനു് സഹായധനം കൊടുക്കാൻ നിശ്ചയിച്ചതായി എഴുതിയിരിക്കുന്ന വിവരവും പിന്നിട്ടു് രാമൻ പറഞ്ഞു. മകന്റെ വിജയത്തിലുള്ള സന്തോഷവും രാമന്റെ അകൈതവമായ സ്നേഹത്തെക്കുറിച്ചുള്ള നന്ദിയുംകൊണ്ടു് അവളുടെ ഹൃദയം നിറഞ്ഞു. ഇതിനിടയിൽ കൃഷ്ണൻ എഴുത്തു് വായിച്ചിട്ടു് ഏററവും സന്തുഷ്ടനായി പറഞ്ഞു: 'അമ്മേ! രാമനും ഒരു സഹായധനം കിട്ടിയിട്ടുണ്ടു്. എനിക്കു് കിട്ടിയതു് തന്നേ രാമനു് കിട്ടണം എന്നായിരുന്നു എന്റെ പ്രാൎത്ഥന. ഇപ്പോൾ ഞങ്ങൾക്കു് രണ്ടു പേൎക്കും കിട്ടിയതുകൊണ്ടു് ഞാൻ വളരെ സന്തോഷിക്കുന്നു. രാമന്റെ സഹായം ഇല്ലായിരുന്നെങ്കിൽ ഞാൻ ജീവിക്കതന്നേ ഇല്ലായിരുന്നു. രാമന്റെ സഹായത്താൽ എനിക്കു് ഒരം സംഭാവനയും ലഭിച്ചു. അമ്മേ! ചങ്ങാതി

യുടെ ആത്മത്യാഗത്തെ അനുമോദിച്ച് കാളജ്ജിലെ പണ്ഡിതന്മാർ ഒരു പ്രത്യേക സംഭാവന കൊടുത്തിരിക്കയാകുന്നു. ഇതിൽ അധികമായ ഒരു സന്തോഷം നമുക്ക് ഉണ്ടാകാനില്ല.' അവർ മൂന്നു പേരും അന്യോന്യം അനുമോദിച്ചു.

കൃഷ്ണന് പൂർണ്ണസുഖം ആയപ്പോഴേക്ക് കാളജ്ജിൽ ചേരാനുള്ള കാലം ആയി. രാമനും കൃഷ്ണനും ഒരുമിച്ച് തന്നെ കാളജ്ജിൽ ചേരുകയും ചെയ്തു.

C. M. S. Press, Kottayam—1917

[illegible]